# ഹരിതകേരളം മിഷൻ

## ശുചിത്വ മാലിന്യ സംസ്ക്കരണ ഉപദൗത്യം

## ഹരിത ഓഫീസ്

ഗ്രീൻ പ്രോട്ടോക്കോൾ - മാർഗ്ഗരേഖ

മാലിന്യമുക്ത കേരളം

**ശുചിത്വ മിഷൻ**

**കമ്മ്യൂണിക്കേഷൻ & കപ്പാസിറ്റി ഡവലപ്പ്മെന്റ് യൂണിറ്റ്**

**തദ്ദേശ സ്വയം ഭരണ വകുപ്പ്**

**ശ്രീ. പിണറായി വിജയൻ മന്ത്രിസഭയുടെ സത്യപ്രതിജ്ഞാ ചടങ്ങിന് ശുചിത്വമിഷന്റെ മാതൃകാ ഗ്രീൻ പ്രോട്ടോക്കോൾ പ്രവർത്തനം.**










# ഹരിതകേരളം മിഷൻ

**ശുചിത്വ മാലിന്യ സംസ്ക്കരണ ഉപദൗത്യം**

## ഹരിത ഓഫീസ്
## ഗ്രീൻ പ്രോട്ടോക്കോൾ – മാർഗ്ഗരേഖ


**ശുചിത്വ മിഷൻ**
കമ്മ്യൂണിക്കേഷൻ & കപ്പാസിറ്റി ഡവലപ്പ്മെന്റ് യൂണിറ്റ്
തദ്ദേശസ്വയംഭരണ വകുപ്പ്
കേരള സർക്കാർ



“Be the Change that you
wish to see in the world”

ലോകത്ത് നിങ്ങൾ കാണാനാഗ്രഹിക്കുന്ന
മാറ്റത്തിന്റെ തുടക്കം നിങ്ങളിൽ നിന്നാകട്ടെ

– മഹാത്മാഗാന്ധി

**ഹരിത ഓഫീസ് - ഗ്രീൻ പ്രോട്ടോക്കോൾ മാർഗ്ഗരേഖ**
(മലയാളം)

***എഡിറ്റോറിയൽ സമിതി***

**ഡോ.ടി.എൻ. സീമ** (മുൻ എം.പി.)
എക്സി. വൈസ് ചെയർപേഴ്സൻ, ഹരിതകേരളം മിഷൻ

**ഡോ. ആർ. അജയകുമാർ വർമ്മ**
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ

**ശ്രീ. കെ. രാജേന്ദ്രൻ**
ഡയറക്ടർ (ഓപ്പറേഷൻസ്), ശുചിത്വ മിഷൻ

**ശ്രീ. എൽ.പി. ചിത്തർ**
ഡയറക്ടർ (ഡ്രിങ്കിംഗ് വാട്ടർ)

***രചനയിൽ പങ്കെടുത്തവർ:***

**ശ്രീ. എൻ. ജഗജീവൻ**
കൺസൾട്ടന്റ്, ഹരിതകേരളം മിഷൻ

**ശ്രീ. ജോൺസൺ പ്രേംകുമാർ**
പ്രോഗ്രാം ഓഫീസർ (ട്രെയിനിംഗ്), ശുചിത്വ മിഷൻ

**ശ്രീ. അമീർഷാ ആർ.എസ്**
പ്രോഗ്രാം ഓഫീസർ (സി.സി.ഡി.യു), ശുചിത്വ മിഷൻ

**ശ്രീ. പി. രാജേന്ദ്രൻ നായർ**
അസിസ്റ്റന്റ്, ഹരിതകേരളം മിഷൻ

*ടൈപ്പ്സെറ്റിങ്*

ശ്രീമതി മീനാകുമാരി, ശുചിത്വ മിഷൻ

ശ്രീമതി വിനീത വിജയൻ, ശുചിത്വ മിഷൻ

*കവർ ഡിസൈൻ & ലേ ഔട്ട്*
ഗോഡ്ഫ്രെയ്സ് ഗ്രാഫിക്സ്
ശാസ്തമംഗലം, തിരുവനന്തപുരം

അച്ചടി: ഗവൺമെന്റ് പ്രസ്സ്, മണ്ണന്തല

1-ാം പതിപ്പ് - ഡിസംബർ 2017
2-ാം പതിപ്പ് - ഫെബ്രുവരി 2018
കോപ്പികൾ - 20,000

സൗജന്യ വിതരണത്തിന്



**പിണറായി വിജയൻ**
മുഖ്യമന്ത്രി

തിരുവനന്തപുരം
തീയതി: 12.12.2017

നം. 1437/പ്രസ്/സി.എം.ഒ./2017

# സന്ദേശം

നമ്മുടെ സംസ്ഥാനത്തെ മാലിന്യപ്രശ്നത്തിന് അടിയന്തിരവും ശാശ്വതവുമായ പരിഹാരം കാണണമെന്ന ലക്ഷ്യത്തോടെയാണ് ഹരിതകേരളം മിഷന്റെ ഭാഗമായി ശുചിത്വ-മാലിന്യസംസ്കരണ ഉപമിഷൻ രൂപീകരിച്ചത്. നാം ലക്ഷ്യമിടുന്ന മാലിന്യരഹിത കേരളം സാധ്യമാകണമെങ്കിൽ ഇത്തരത്തിൽ ഒട്ടേറെ ഘടകങ്ങൾ സമന്വയിപ്പിക്കേണ്ടതുണ്ട്. അതുപോലെ പ്രധാനപ്പെട്ടതാണ് ജനങ്ങളുടെ ജീവിതശൈലിയിലും ശീലങ്ങളിലും ഉണ്ടാകേണ്ട ഗുണപരമായ മാറ്റങ്ങൾ. അതിന് സഹായകരമായ പ്രവർത്തനപരിപാടിയാണ് ഗ്രീൻ പ്രോട്ടോക്കോൾ.

ഗാർഹികതലം വരെ എത്തേണ്ട ഗ്രീൻ പ്രോട്ടോക്കോൾ പ്രവർത്തനവുമായി ബന്ധപ്പെട്ട് സർക്കാർ പല നടപടികളും സ്വീകരിച്ചിട്ടുണ്ട്. അതിലൊന്നാണ് സർക്കാർ ഓഫീസുകളിൽ പൂർണമായി ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കണമെന്ന നിർദ്ദേശം. പൊതുജനങ്ങൾക്ക് കണ്ടുപഠിക്കാനും മാതൃകയാക്കാനും കഴിയുംവിധം മുഴുവൻ സർക്കാർ ഓഫീസുകളിലും ഇത് നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിന് സഹായകരമായ ഈ കൈപ്പുസ്തകത്തിന് എല്ലാ ഭാവുകങ്ങളും നേരുന്നു.

ആശംസകളോടെ,

**പിണറായി വിജയൻ**

ടെലിഫോൺ: (0471) 2333812 & 2333682, ഫാക്സ്: (0471) 2333489
ഇ-മെയിൽ: chiefminister@kerala.gov.in വെബ്സൈറ്റ്: www.keralacm.gov.in




**ഡോ. കെ.ടി. ജലീൽ**
തദ്ദേശ സ്വയംഭരണം, ന്യൂനപക്ഷക്ഷേമം
വഖഫ് & ഹജ്ജ് വകുപ്പു മന്ത്രി


തിരുവനന്തപുരം
തീയതി: 12.12.2017

# സന്ദേശം

മാലിന്യരഹിത കേരളം എന്ന ലക്ഷ്യത്തോടെ, ഹരിതകേരളം മിഷന്റെ ഭാഗമായി നടത്തി വരുന്ന ശുചിത്വ-മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിൽ ആവർത്തിച്ച് പ്രയോഗിക്കുന്ന ഒരു പദമാണ് മാലിന്യത്തിന്റെ അളവ് കുറയ്ക്കൽ (reduce) എന്നത്. വീടുകളിലും സ്ഥാപനങ്ങളിലും പൊതുസ്ഥലങ്ങളിലുമെല്ലാം ഗ്രീൻ പ്രോട്ടോക്കോൾ പ്രവർത്തനത്തിലൂടെ മാലിന്യത്തിന്റെ അളവ് കുറയണമെങ്കിൽ ഇപ്പോൾ നാം പിന്തുടർന്നുവരുന്ന രീതികളിൽ വലിയ മാറ്റം വരുത്തേണ്ടിവരും. ഈ മാറ്റങ്ങൾ ജനങ്ങളുടെ സൗകര്യങ്ങളെ കുറയ്ക്കുന്നവയല്ല മറിച്ച് വർദ്ധിപ്പിക്കുന്നവയാണ് എന്ന് ഉറപ്പുവന്നാൽ മാത്രമേ സമൂഹം അത് ഏറ്റെടുക്കുകയുള്ളൂ. മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട ധാരണകൾ പലതും പൊളിച്ചെഴുതിക്കൊണ്ട് ഗ്രീൻ പ്രോട്ടോക്കോൾ സാധ്യമാക്കണമെങ്കിൽ ജനങ്ങൾക്ക് അത് തൊട്ടറിയാൻ കഴിയുംവിധം അനുഭവവേദ്യമാകണം. ജനങ്ങൾ ഒത്തുചേരുന്ന സ്ഥലങ്ങളിൽ ഗ്രീൻ  പ്രോട്ടോക്കോൾ നടപ്പിലാക്കുക വഴി ശുചിത്വമിഷൻ ലക്ഷ്യമിട്ടത് ഇതായിരുന്നു. ഇതിനകം തന്നെ നിരവധി സമ്മേളനങ്ങളിലും ഉത്സവ ആഘോഷങ്ങളിലും കായിക മത്സരവേദികളിലുമെല്ലാം വിജയകരമായി നടപ്പിലാക്കിക്കഴിഞ്ഞ ഈ പ്രവർത്തനത്തിന് ശുചിത്വമിഷൻ സംഘത്തെ അഭിനന്ദിക്കുന്നു. ഹരിതകേരളം മിഷൻ പ്രവർത്തനത്തിന്റെ ഭാഗമായി ഗ്രീൻ പ്രോട്ടോക്കോൾ പ്രവർത്തനങ്ങളെ ഒരു ബഹുജന വിദ്യാഭ്യാസ പരിപാടിയായി വികസിപ്പിച്ചെടുക്കാനാണ് ഇപ്പോൾ ലക്ഷ്യമിടുന്നത്. ഇതിന്റെ ആദ്യ ചുവടാണ് മുഴുവൻ സർക്കാർ ഓഫീസുകളിലും ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കൽ. ഇതിനു സഹായകരമാം വിധം ഒരു കൈപ്പുസ്തകം തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നു എന്നത് ഏറെ സന്തോഷകരമാണ്. ഈ കൈപ്പുസ്തകം ഹരിതകേരളം മിഷന്റെ ശുചിത്വ-മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ മുന്നോട്ടുള്ള കുതിപ്പിന് ആക്കം കൂട്ടട്ടെ എന്നാശംസിക്കുന്നു.

ആശംസകളോടെ,

**ഡോ. കെ.ടി.ജലീൽ**


ഓഫീസ്: നാലാം നില, റൂം നമ്പർ 401, സെക്രട്ടറിയേറ്റ് അനക്സ്, തിരുവനന്തപുരം-695001
ടെലിഫോൺ: (0471) 2327895 & 2327796, വസതി: (0471) 2720451, 0471-2723181
ഗംഗ, കന്റോൺമെന്റ് ഹൗസ് കോംപ്ലക്സ്




**ഡോ. ടി.എൻ.സീമ** (മുൻ എം.പി.)
എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ
ഹരിതകേരളം മിഷൻ, കേരള സർക്കാർ


തിരുവനന്തപുരം
തീയതി: 12.12.2017

# സന്ദേശം

**കേ**രളത്തിന്റെ മണ്ണും വെള്ളവും അന്തരീക്ഷവും സ്വാഭാവിക ജൈവസ്വഭാവത്തോടെ ജീവവ്യവസ്ഥയ്ക്ക് അനുഗുണമായ രീതിയിൽ പരിപാലിക്കേണ്ട അടിയന്തിര ആവശ്യ കതയാണ് ഹരിതകേരളം മിഷൻ മുന്നോട്ടുവയ്ക്കുന്നത്. ജൈവ വസ്തുക്കൾ മണ്ണില ലിഞ്ഞുചേർന്നാണ് മണ്ണ് ഫലഭൂയിഷ്ടതയും ജൈവസ്വഭാവവും ഉള്ളതായി മാറുന്നത്. അജൈവ വസ്തുക്കൾ മണ്ണിന്റെ ഈ ഗുണങ്ങളെ പ്രതികൂലമായി ബാധിക്കുന്നവയാണ്. എന്നാലിന്ന് ജൈവ വസ്തുക്കൾ മണ്ണിലലിഞ്ഞുചേരാനുള്ള സാഹചര്യത്തെ ഇല്ലാതാ ക്കുകയും അജൈവ വസ്തുക്കളെ മണ്ണിലേക്ക് വലിച്ചെറിയുകയും ചെയ്യുന്നതിലൂടെ നമ്മുടെ മണ്ണ് മരിച്ചുകൊണ്ടിരിക്കുകയാണ്. മണ്ണിലെ സ്വാഭാവിക ലവണങ്ങൾ മാത്രം അലിഞ്ഞുചേരേണ്ട ജലസ്രോതസ്സുകളിലേക്ക് ജൈവമാലിന്യങ്ങളും അജൈവമാലിന്യ ങ്ങളും വലിച്ചെറിയുന്നതിലൂടെ നമ്മുടെ സമ്പന്നമായ ജലസ്രോതസ്സുകളും അപകടക രമാം വിധം മലിനീകരിക്കപ്പെടുന്ന സ്ഥിതിയാണുള്ളത്. ഇവയ്ക്ക് ശാശ്വതപരിഹാരം ഉണ്ടാകണമെങ്കിൽ ശാസ്ത്രീയമായ മാലിന്യസംസ്കരണം ഒരു ശീലമായി വളർത്തി യെടുക്കേണ്ടതുണ്ട്. ഈ ലക്ഷ്യത്തോടെയാണ് ഗ്രീൻ പ്രോട്ടോക്കോൾ പ്രവർത്തന ങ്ങൾക്ക് ശുചിത്വമിഷന്റെ നേതൃത്വത്തിൽ തുടക്കം കുറിച്ചത്. നാഷണൽ ഗെയിംസ്, ആറ്റുകാൽ പൊങ്കാല, സ്കൂൾ കലോത്സവങ്ങൾ, ഓണാഘോഷം ഉൾപ്പെടെയുള്ള ആഘോഷപരിപാടികൾ തുടങ്ങി ഒട്ടേറെ സന്ദർഭങ്ങളിൽ വിജയകരമായി നടപ്പിലാ ക്കിയ ഈ പ്രവർത്തനം താഴെത്തട്ടുവരെ എത്തിക്കുന്നതിന്റെ ഭാഗമായി കേരളത്തിലെ മുഴുവൻ സർക്കാർ ഓഫീസുകളിലും ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കുന്നതിനും സർക്കാർ തീരുമാനിച്ചുകഴിഞ്ഞു. ഹരിതകേരള മിഷൻ ലക്ഷ്യമിടുന്ന 'മാലിന്യരഹിത പരിസ്ഥിതി' എന്ന ലക്ഷ്യത്തിലെത്തിച്ചേരാൻ സർക്കാർ ഓഫീസുകളെ സജ്ജരാക്കാൻ ഈ കൈപ്പുസ്തകം സഹായകമാണെന്ന് കരുതുന്നു. സർക്കാർ ഓഫീസുകളിൽ ഗ്രീൻ പ്രോട്ടോക്കോൾ പിന്തുടരുന്നതിനും ജീവനക്കാർക്ക് പരിശീലനവും നിർദേശങ്ങളും നൽകുന്നതിനുമാണ് ഈ കൈപ്പുസ്തകം തയ്യാറാക്കിയിട്ടുള്ളത്.

**ഡോ. ടി.എൻ.സീമ**


റ്റി.സി. 2/3271 (3), (4), 'ഹരിതം', കുട്ടനാട് ലെയിൻ, പട്ടം പാലസ് പി. ഒ., തിരുവനന്തപുരം - 695004
ഫോൺ - ഓഫീസ്: 0471-2449938,39, മൊബൈൽ: 9447077556
email: tnseema@gmail.com, haritham@kerala.gov.in website: www.haritham.kerala.gov.in

# ആമുഖം

ശുചിത്വം സമൂഹത്തിന്റെ അവകാശവും നാമോരോരുത്തരുടേയും ഉത്തരവാദിത്വവുമാണല്ലൊ. ഈ ഉത്തരവാദിത്വം നിർവ്വഹിക്കുന്നതിനുള്ള ശീലവത്കരണമാണ് ഹരിതചട്ടം പാലിക്കുന്നതിലൂടെ മുഖ്യമായും ലക്ഷ്യമിടുന്നത്. വേഗതയിൽ വളർന്നുകൊണ്ടിരിക്കുന്ന കമ്പോളവത്കരണം, ജീവിത ശൈലിയിലും ആഹാര രീതിയിലും വന്നിട്ടുള്ള മാറ്റങ്ങൾ തുടങ്ങിയവയാൽ മാലിന്യത്തിന്റെ ഉത്പാദനത്തിൽ ഗണ്യമായ മാറ്റങ്ങൾ വന്നിട്ടുണ്ട്. തത്ഫലമായി മാലിന്യ സംസ്കരണത്തിലും ബുദ്ധിമുട്ടുകൾ ഏറിയിരിക്കുന്നു. ഈ സാഹചര്യത്തിൽ മാലിന്യ ഉത്പാദനം പരമാവധി കുറക്കുകയും വസ്തുക്കളുടെ പുനരുപയോഗം പരമാവധി വർദ്ധിപ്പിക്കുകയുമാണ് ഒരു മാർഗ്ഗം. പ്രകൃതിയിലെ വിഭവങ്ങൾ വളരെ കരുതലോടെ ഉപയോഗിക്കുവാനുള്ള ഉത്തരവാദിത്വം നമുക്കുണ്ടാകേണ്ടതുണ്ട്. ഈ ആശയത്തിന്റെ അടിസ്ഥാനത്തിലാണ് ശുചിത്വ മിഷൻ ഗ്രീൻപ്രോട്ടോക്കോൾ എന്ന ശീലവത്ക്കരണ രീതി 2015 ൽ മുന്നോട്ടു വച്ചത്. മാലിന്യം ഉത്പാദിപ്പിച്ചിട്ട് അത് സംസ്കരിക്കുവാൻ വേണ്ടി കഷ്ടപ്പെടുന്നതിന് പകരം ചില ശീലമാറ്റങ്ങളിലൂടെ മാലിന്യത്തിന്റെ ഉത്പാദന തോത് പരമാവധി കുറയ്ക്കുവാൻ കഴിയുമെങ്കിൽ അതല്ലേ നല്ലത്. 2015 ൽ കേരളത്തിൽ സംഘടിപ്പിക്കപ്പെട്ട ദേശീയ ഗെയിംസ് മുതൽ കൂടുതൽ കൂടുതൽ പൊതു പരിപാടികളും ആഘോഷങ്ങളും ഗ്രീൻ പ്രോട്ടോക്കോൾ പാലിച്ചുകൊണ്ട് നടന്നു വരുന്നു. ഇത്തരുണത്തിൽ സംസ്ഥാനത്ത് ഗ്രീൻ പ്രോട്ടോക്കോൾ പ്രചരിപ്പിക്കുന്നതിൽ മുന്നിട്ടിറങ്ങിയ ശുചിത്വ മിഷൻ മുൻ മേധാവി ഡോ.കെ. വാസുകി ഐ.എ.എസ്സിനെ നന്ദിയോടെ സ്മരിക്കുന്നു. മാറ്റങ്ങൾക്ക് വിധേയമാകുവാൻ കേരള ജനത തയ്യാറാവുന്നതിന്റെ ശുഭസൂചനയാണ് ഗ്രീൻ പ്രോട്ടോക്കോൾ പാലനം വ്യാപിക്കുന്നതിലൂടെ കാണുന്നത്. ഇന്ന് സ്വകാര്യ ചടങ്ങുകളും വിവാഹങ്ങളും സ്വമേധയാ ഗ്രീൻ പ്രോട്ടോക്കോൾ പ്രകാരം നടത്തുന്ന രീതി വർദ്ധിച്ചിരിക്കുന്നു. ഹരിതകേരളം മിഷൻ മുന്നോട്ടുവെക്കുന്ന വൃത്തി, വെള്ളം, വിളവ് എന്ന ദൗത്യം സുസ്ഥിരമാക്കുന്നതിന് ഗ്രീൻ പ്രോട്ടോക്കോൾ ഉണ്ടാക്കുന്ന ശീലവത്കരണം പരമപ്രധാനമാണ്. എല്ലാതരം ഡിസ്പോസിബിൾ വസ്തുക്കളുടേയും ഉപയോഗം പൂർണമായും ഒഴിവാക്കി പകരം പ്രകൃതി സൗഹൃദ വസ്തുക്കൾ ഉപയോഗിക്കുന്ന ശീലത്തിലേക്ക് ഗ്രീൻ പ്രോട്ടോക്കോൾ നമ്മെ നയിക്കും. ഇതിനായി സംസ്ഥാനത്തെ എല്ലാ സംവിധാനങ്ങളും എത്രയും വേഗം ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കുന്നു എന്ന് ഉറപ്പാക്കേണ്ടിയിരിക്കുന്നു. ഈ മാർഗരേഖ അതിനു സഹായിക്കും എന്നുറപ്പുണ്ട്.

തിരുവനന്തപുരം
22/02/2018

എക്സിക്യൂട്ടീവ് ഡയറക്ടർ
ശുചിത്വ മിഷൻ

# ഉള്ളടക്കം


| ക്രമ നം. | വിഷയം | പേജ് നം. |
|---|---|---|
| | ഹരിതകേരളം മിഷൻ ശുചിത്വ മാലിന്യ സംസ്ക്കരണ ഉപദൗത്യം | 15 |
| 1 | എന്താണ് ഗ്രീൻ പ്രോട്ടോക്കോൾ | 15 |
| 2 | എന്തിനാണ് ഗ്രീൻ പ്രോട്ടോക്കോൾ | 16 |
| 3 | ഗ്രീൻ പ്രോട്ടോക്കോൾ തത്വങ്ങൾ | 16 |
| 4 | ഹരിത ഓഫീസ് - ഗ്രീൻ പ്രോട്ടോക്കോൾ പ്രവർത്തന ക്രമം | 17 |
| | 4.1. ഹരിത ഓഫീസ് ഗ്രീൻ പ്രോട്ടോക്കോൾ:- ഒന്നാംഘട്ട പ്രവർത്തനങ്ങൾ | 18 |
| | 4.2. ഹരിത ഓഫീസ് ഗ്രീൻ പ്രോട്ടോക്കോൾ:- രണ്ടാംഘട്ട പ്രവർത്തനങ്ങൾ | 18 |
| | 4.3. ഹരിത ഓഫീസ് ഗ്രീൻ പ്രോട്ടോക്കോൾ:- സ്വീകരിക്കേണ്ട നടപടികൾ | 19 |
| | 4.3.1. ഗ്രീൻ പ്രോട്ടോക്കോൾ കമ്മിറ്റി രൂപീകരണം - ഓഫീസുകളിൽ | 19 |
| | 4.3.2. ബോധവത്കരണ - പ്രചരണ പരിപാടികൾ | 19 |
| | 4.3.3. എല്ലാത്തരം ഡിസ്പോസിബിൾ വസ്തുക്കളുടെയും ഉപയോഗം നിരോധിക്കൽ | 20 |
| | 4.3.4. പ്രകൃതി സൗഹൃദ പാത്രങ്ങൾ സജ്ജീകരിക്കൽ | 20 |
| | 4.3.5. ഹൗസ്സ് കീപ്പിങ്ങ് ജീവനക്കാർക്ക് പരിശീലനം | 21 |
| | 4.3.6. നിരോധിത പ്ളാസ്റ്റിക് ഉത്പന്നങ്ങളുടെ നിരോധനം | 21 |
| | 4.3.7. ഉപയോഗശൂന്യമായ ഫർണ്ണിച്ചറുകളും ഇ-മാലിന്യങ്ങളും നീക്കം ചെയ്യൽ | 21 |
| | 4.3.8. ജൈവമാലിന്യ സംസ്കരണത്തിന് ഉപാധികൾ സ്ഥാപിച്ച് സംവിധാന മൊരുക്കൽ | 22 |
| | 4.3.9. ജൈവമാലിന്യത്തിലൂടെ ജൈവപച്ചക്കറി സർക്കാർ ഓഫീസുകളിൽ | 22 |
| | 4.3.10. അജൈവ മാലിന്യ പരിപാലനം - തരംതിരിക്കൽ, ശേഖരണം, പുനഃചംക്രമണത്തിന് കൈമാറൽ | 23 |
| | 4.3.11. മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സ്ഥാപിക്കൽ | 23 |
| | 4.3.12. ഓഫീസ് ക്യാന്റീനുകളെ ഹരിതാഭമാക്കൽ | 24 |
| | 4.3.13. ശുചിമുറി നവീകരണം - പുതിയത് സ്ഥാപിക്കൽ | 24 |
| 5 | സമ്പൂർണ്ണ ഹരിത ഓഫീസ് - വിവിധ പ്രവർത്തന ഘട്ടങ്ങൾ | 24 |
| 6 | ഓഫീസുകൾക്കനുയോജ്യമായ മാലിന്യസംസ്ക്കരണ ഉപാധികൾ | 30 |
| 7 | ഗ്രീൻ പ്രോട്ടോക്കോൾ പൊതുനിർദ്ദേശങ്ങൾ | 31 |
| 8 | ഗ്രീൻ പ്രോട്ടോക്കോൾ - വിലയിരുത്തൽ സൂചിക | 33 |
| 9 | ഹരിത ഓഫീസ് പ്രഖ്യാപനം - സർട്ടിഫിക്കേഷൻ നടപടി ക്രമങ്ങൾ | 36 |
| 10 | അനുബന്ധ സർക്കാർ ഉത്തരവുകൾ | 37 |


സ്വാഗതം

ഹരിതകേരളം മിഷൻ

# ഹരിതകേരളം മിഷൻ

## ശുചിത്വ മാലിന്യ സംസ്ക്കരണ ഉപദൗത്യം

കേരളത്തിന്റെ സവിശേഷതകളായി പ്രക്രീർത്തിക്കപ്പെട്ടിരുന്ന വൃത്തിയും ജലസമൃദ്ധിയും വീണ്ടെടുക്കുക, സുരക്ഷിത ഭക്ഷ്യവസ്തുക്കളുടെ ഉത്പാദനം വർദ്ധിപ്പിക്കുക, ജലസ്രോതസ്സുകളെ മാലിന്യമുക്തമാക്കുക എന്നിവയാണ് ഹരിതകേരളം മിഷന്റെ മുഖ്യലക്ഷ്യങ്ങൾ. ഹരിതകേരളം മിഷന്റെ പ്രധാന ഉപദൗത്യമാണ് ശുചിത്വ മാലിന്യ സംസ്കരണം. ജലസ്രോതസ്സുകളിൽ മാലിന്യം നിക്ഷേപിക്കുന്നത് കർശനമായി തടയുകയും ഗാർഹിക-സ്ഥാപന- കമ്മ്യൂണിറ്റിതലങ്ങളിലെ മാലിന്യ സംസ്കരണം ശാസ്ത്രീയമായി നടപ്പിലാക്കുകയും ചെയ്യുകയെന്നുള്ളതാണ് ശുചിത്വ മാലിന്യ സംസ്കരണ ഉപദൗത്യത്തിലൂടെ ലക്ഷ്യമിടുന്നത്. വികേന്ദ്രീകൃത ഉറവിട ജൈവമാലിന്യ സംസ്കരണം പ്രാവർത്തികമാക്കുന്നതോടൊപ്പം ബോധവത്കരണവും ശുചിത്വ മാലിന്യ സംസ്കരണസേവന സൗകര്യങ്ങളും ഉപദൗത്യത്തിന്റെ ഭാഗമായി ലഭ്യമാക്കും. ആയതിന്റെ ആദ്യഘട്ടമെന്ന നിലയിലാണ് പൊതുജന സമ്പർക്കം ഏറ്റവും കൂടുതൽ വരുന്ന സ്ഥാപനതലത്തിൽ ഉൾപ്പെടുന്ന സർക്കാർ ഓഫീസുകളെ ഗ്രീൻ പ്രോട്ടോക്കോൾ പ്രവർത്തനത്തിലൂടെ മാതൃകാപരമായി മാലിന്യമുക്തമാക്കുന്നതിന് ഹരിത ഓഫീസ് എന്ന പദ്ധതി പ്രാവർത്തികമാക്കാൻ ശ്രമിക്കുന്നത്.

**ലക്ഷ്യം:** കേരളത്തിലെ എല്ലാ സർക്കാർ ഓഫീസുകളിലും ജൈവമാലിന്യ സംസ്കരണ സംവിധാനങ്ങൾ ഒരുക്കിയും അജൈവമാലിന്യശേഖരണം, പുനഃചംക്രമണം എന്നിവ സാധ്യമാക്കിയും വൃത്തിയുടെ കേന്ദ്രങ്ങളാക്കി മാറ്റുക.

### 1. എന്താണ് ഗ്രീൻ പ്രോട്ടോക്കോൾ

മാലിന്യത്തിന്റെ അളവ് കുറക്കുക, മാലിന്യ ഉത്പാദനം ഇല്ലാതാക്കുക, രൂപപ്പെടുന്ന മാലിന്യങ്ങളെ തരംതിരിച്ച് ശാസ്ത്രീയമായി സംസ്കരിക്കുക തുടങ്ങിയവയ്ക്കായി അനുവർത്തിക്കുന്ന രീതിയാണ് ഗ്രീൻ പ്രോട്ടോക്കോൾ. പുനരുപയോഗ സാധ്യമായവ, കമ്പോസ്റ്റിംഗ് സാധ്യമായവ എന്നിങ്ങനെ മാലിന്യത്തെ തരംതിരിച്ചും ഉപഭോഗസാധനങ്ങളുടെ അളവ് കുറച്ചും അവശിഷ്ടം ഇല്ലാതാക്കിയും മാലിന്യ പരിപാലനത്തിൽ

നമ്മൾ ചെയ്യുന്ന പ്രവർത്തനങ്ങൾ വ്യക്തികളും, സമൂഹവും പിൻതുടരുന്ന രീതിയാണ് ഇതിൽ പ്രധാനം. വ്യക്തി ജീവിതം, കുടുംബം, ഓഫീസുകൾ, പൊതു പരിപാടികൾ, വിവാഹം, സമ്മേളനങ്ങൾ, ഉത്സവങ്ങൾ തുടങ്ങി സമസ്ത തലങ്ങളിലും ഗ്രീൻ പ്രോട്ടോക്കോൾ ബാധകമാക്കാം. എന്നാൽ അതിനുള്ള ശീലം ഉണ്ടാക്കി എടുക്കലാണ് പ്രധാനം.

മാലിന്യ ഉത്പാദനത്തിന്റെ അളവ് കുറയ്ക്കുന്നതിന് വേണ്ടി ഡിസ്പോസിബിൾ സാധനങ്ങളുടെ ഉപയോഗം പൂർണ്ണമായും ഒഴിവാക്കി, കഴുകി ഉപയോഗിക്കാൻ കഴിയുന്ന പാത്രങ്ങൾ ശീലമാക്കുകയും ശേഷം ഉണ്ടാകുന്ന ജൈവമാലിന്യം അതാത് സ്ഥലങ്ങളിൽ തന്നെ കമ്പോസ്റ്റിങ്ങിലൂടെ വളമാക്കി മാറ്റുകയോ ബയോഗ്യാസാക്കി മാറ്റുകയോ ചെയ്യുക എന്നതാണ് ഗ്രീൻ പ്രോട്ടോക്കോളിന്റെ അടിസ്ഥാന തത്വം. ഇത്തരത്തിൽ മാലിന്യം രൂപപ്പെടുന്നതിന്റെ അളവ് പകുതിയോളം കുറയ്ക്കുന്നതിനും അജൈവ വസ്തുക്കൾ വലിച്ചെറിയുന്നതും, കത്തിക്കുന്നത്മൂലവുമുള്ള ഗുരുതര ആരോഗ്യ പ്രശ്നങ്ങൾ ഇല്ലാതാക്കുന്നതിനും ഗ്രീൻ പ്രോട്ടോക്കോൾ പ്രവർത്തനത്തിലൂടെ സാധിക്കും. വൻ ജന പങ്കാളിത്തമുണ്ടാകുന്ന ഉത്സവങ്ങളിലും ആഘോഷങ്ങളിലും സമ്മേളനങ്ങളിലും മേളകളിലും വിവാഹങ്ങളിലുമെല്ലാം ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കുന്നത് വൻതോതിലുള്ള മാലിന്യ ഉത്പാദനത്തിന്റെ അളവ് കുറയ്ക്കുന്നതിന് സഹായകരമാണ്.

## 2. എന്തിനാണ് ഗ്രീൻ പ്രോട്ടോക്കോൾ

മണ്ണിനും മനുഷ്യനും മനുഷ്യരാശിക്കും ദുരന്ത സൂചന നൽകിക്കൊണ്ട് പ്രതിദിനം ഉത്പാദിപ്പിക്കപ്പെടുന്ന മാലിന്യത്തിന്റെ അളവും, ഇനവും വർദ്ധിച്ചു വരുന്നു. ആഗോളവത് കരണവും കമ്പോളീകരണവും ഒന്നിൽ നിന്ന് മറ്റൊന്നിലേക്ക് പെട്ടെന്ന് എത്തിച്ചേരാനുള്ള വ്യഗ്രതയും നമ്മെ എത്തിച്ചിരിക്കുന്നത് മാലിന്യക്കൂനകളിലേക്കും മാറാവ്യാധികളിലേക്കുമാണ്. മാലിന്യക്കൂനകൾ ഉയരുന്നതും മാറാ വ്യാധികൾ പടരുന്നതും ആയത് പരിഹരിക്കാൻ മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രികൾ പെരുകുന്നതും സ്ഥിരം കാഴ്ചയാണ്. ഒരാൾ വർഷം ശരാശരി 5000 രൂപയിലധികം ചികിത്സക്കായി വിനിയോഗിക്കുന്നു. മലയാളി ഭൂമിവിൽക്കുന്നതും കടം വാങ്ങുന്നതും പ്രധാനമായി ചികിത്സക്കാണ്. നമ്മുടെ സമ്പത്തിന്റെ നല്ലൊരു പങ്കും ഇത്തരത്തിൽ അറിഞ്ഞോ അറിയാതെയോ ആരോഗ്യകരമായ കാര്യങ്ങൾക്ക് ചെലവഴിച്ചു തീർക്കുകയാണ്. ഫലമോ ആരോഗ്യനഷ്ടം, ധനനഷ്ടം, ഒപ്പം വരും തലമുറയുടെ ഭാവി അനിശ്ചിതത്വത്തിലേക്കും എത്തിച്ചേരും. നാം അല്പമൊന്നു ശ്രദ്ധിച്ചാൽ ഈ അവസ്ഥ ഒഴിവാക്കാൻ കഴിയുന്നതാണ്. ''ഗ്രീൻ പ്രോട്ടോക്കോളിലൂടെ ശുചിത്വം'' എന്നത് മറ്റൊരു വ്യഖ്യാനത്തിലേക്ക് എത്തുകയാണ്. മാലിന്യം ഉത്പാദിപ്പിച്ചിട്ട് അത് സംസ്കരിക്കുന്നതിനുള്ള പോം വഴി അന്വേഷിച്ച് കഷ്ടപ്പെടാതെ മാലിന്യ ഉത്പാദനം കുറയ്ക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ചെയ്യുക എന്നതാണ് ഗ്രീൻ പ്രോട്ടോക്കോൾ പ്രവർത്തനങ്ങളിലൂടെ ഉദ്ദേശിക്കുന്നത്.

## 3. ഗ്രീൻ പ്രോട്ടോക്കോൾ – പൊതുതത്വങ്ങൾ

- മാലിന്യത്തിന്റെ അളവ് കുറയ്ക്കൽ.
- മാലിന്യം ഉറവിടത്തിൽ തരംതിരിക്കൽ.
- പുനഃചംക്രമണം സാധ്യമായ വസ്തുക്കൾ മാത്രം ഉപയോഗിക്കൽ.
- പുനരുപയോഗം സാധ്യമായ വസ്തുക്കൾ പരമാവധി ഉപയോഗിക്കൽ.
- നിത്യജീവിതത്തിൽ നിന്ന് എല്ലാത്തരം ഡിസ്പോസിബിൾ സാധനങ്ങളുടെയും ഉപയോഗം പൂർണ്ണമായും ഒഴിവാക്കൽ.



**ഉത്തരവാദിത്വത്തോടെ മാലിന്യം കൈകാര്യം ചെയ്തും, നാം ഉത്പാദിപ്പിക്കുന്ന മാലിന്യത്തിന്റെ അളവ് കുറച്ചും, പുനരുപയോഗ സാധ്യമല്ലാത്ത പ്ലാസ്റ്റിക്കിന്റെ ഉപയോഗം വെടിഞ്ഞും നമുക്ക് രാജ്യത്തിന് മാതൃകയാകാം.**

- ഡിസ്പോസിബിൾ വസ്തുക്കൾക്ക് പകരം കഴുകി ഉപയോഗിക്കുവാൻ കഴിയുന്ന പ്രകൃതി സൗഹൃദ വസ്തുക്കൾ വാങ്ങി ഉപയോഗിക്കുക (സ്റ്റീൽ, ചില്ല്, സെറാമിക്സ് പാത്രങ്ങൾ, തുണിസഞ്ചികൾ തുടങ്ങിയവ).
- നിരോധിത പ്ളാസ്റ്റിക് വസ്തുക്കളുടെ ഉപയോഗം പൂർണ്ണമായും ഒഴിവാക്കുകയും പ്രസ്തുത വിഷയത്തിലുള്ള സർക്കാർ ചട്ടങ്ങൾ കൃത്യമായ് പാലിക്കുകയും ചെയ്യുക.
- ജൈവ-അജൈവ മാലിന്യങ്ങൾ പ്രത്യേകം തരം തിരിക്കുക.
- ജൈവമാലിന്യം കമ്പോസ്റ്റിങ്ങിലൂടെ വളമാക്കുകയോ/ബയോഗ്യാസ് പ്ളാന്റ് സ്ഥാപിച്ച് അതിൽ നിക്ഷേപിച്ച് ബയോഗ്യാസ് ആക്കി മാറ്റുകയോ ചെയ്യുക.
- അജൈവ വസ്തുക്കൾ പ്രത്യേകം തരംതിരിച്ച് വൃത്തിയാക്കി, ഉണക്കി സൂക്ഷിക്കേണ്ടതും ആയത് നിശ്ചിത അളവാകുമ്പോൾ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലോ പാഴ്വസ്തു വ്യാപാരികൾക്കോ പുനഃചംക്രമണത്തിനായ് കൈമാറുകയും ചെയ്യുക.
- ഇ-മാലിന്യങ്ങൾ പ്രത്യേകം സംഭരണികളിൽ സൂക്ഷിക്കേണ്ടതും ആയത് ശേഖരിക്കാൻ അംഗീകാരമുള്ള പാഴ്വസ്തു വ്യാപാരികൾക്കോ ക്ലീൻ കേരള കമ്പനിക്കോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിനോ യഥാസമയം കൈമാറേണ്ടതാണ്.
- ഒറ്റത്തവണ ഉപയോഗിച്ച് വലിച്ചെറിയുന്ന കവറുകളുടെ ഉപയോഗം പൂർണ്ണമായും ഒഴിവാക്കേണ്ടതും, തുണിയിലോ, ചണത്തിലോ, പേപ്പറിലോ, കയറിലോ നിർമ്മിച്ച പ്രകൃതിക്കിണങ്ങുന്ന സഞ്ചികൾ സാധനങ്ങൾ വാങ്ങാൻ പോകുമ്പോൾ ആവശ്യാനുസരണം കൈയ്യിൽ കരുതേണ്ടതും സാധനങ്ങൾ പരാമവധി ഒരുമിച്ച് വാങ്ങാൻ ശ്രമിക്കേണ്ടതുമാണ്.
- ആഹാര വസ്തുക്കൾ പാഴ്സലായ് വാങ്ങുന്നതിന് കടകളിൽ പോകുമ്പോൾ കഴുകി ഉപയോഗിക്കാൻ കഴിയുന്ന പാത്രങ്ങൾ ആവശ്യാനുസരണം കൈയ്യിൽ കരുതാവുന്നതാണ്.
- അപകടകരമായതുൾപ്പെടെ എല്ലാത്തരം മാലിന്യങ്ങളും വലിച്ചെറിയുന്ന ശീലം ഒഴിവാക്കേണ്ടതും ആയത് പ്രത്യേകം വൃത്തിയാക്കി സൂക്ഷിച്ച് പുനഃചംക്രമണത്തിനായി അത് ശേഖരിക്കുന്ന വ്യക്തികൾക്കോ സ്ഥാപനത്തിനോ നൽകേണ്ടതുമാണ്.
- ഫ്ളക്സുകൾക്ക് പകരം തുണിയിൽ നിർമ്മിച്ച ബാനറുകൾ ഉപയോഗിക്കുക. അലങ്കാരങ്ങൾക്കും മറ്റും പ്രകൃതിസൗഹൃദ വസ്തുക്കൾ ഉപയോഗിക്കാവുന്നതാണ്.
- ആവശ്യത്തിന് ഉപഭോഗം - അവശിഷ്ടം ഇല്ലാതാക്കൽ

## 4. ഹരിത ഓഫീസ്- ഗ്രീൻ പ്രോട്ടോക്കോൾ പ്രവർത്തന ക്രമം

ശാസ്ത്രീയ മാലിന്യ പരിപാലനത്തിന് ഏറ്റവും അനുകരണീയ മാതൃക സൃഷ്ടിക്കുവാൻ കഴിയുന്ന വിഭാഗമാണ് സർക്കാർ സ്ഥാപനങ്ങളും അതിലെ ജീവനക്കാരും. തദ്ദേശ സ്വയം ഭരണ സ്ഥാപന തലം മുതൽ സംസ്ഥാന തലം വരം നീളുന്ന വലിയ ശൃംഖലയിലാണ് സർക്കാർ ഓഫീസുകളുടെ പ്രവർത്തനം. ആയത് കൊണ്ട് തന്നെ മറ്റ് സ്വകാര്യ ഓഫീസുകൾക്കും പൊതുജനങ്ങൾക്കും മാതൃകയാകത്തക്ക രീതിയിൽ

### സർക്കാർ ഓഫീസുകൾ

- പൊതുജനം നിരന്തരം ബന്ധപ്പെടുന്ന കേന്ദ്രം.
- സ്ഥാപനത്തിൽ അനുവർത്തിക്കുന്ന രീതി സ്വന്തം ജീവിതത്തിലും വീട്ടിലേക്കും
- തുടർന്ന് സമൂഹത്തിലേക്കും വ്യാപിപ്പിക്കൽ

ഓഫീസും പരിസരവും മാലിന്യമുക്തമാക്കി സൂക്ഷിക്കാൻ സർക്കാർ ഉദ്യോഗസ്ഥർക്ക് തീർച്ചയായും സാധിക്കുന്നതാണ്. ഒരാൾ മുതൽ അയ്യായിരത്തിലധികം പേർ വരെ പ്രവർത്തിക്കുന്ന സർക്കാർ സ്ഥാപനങ്ങളും ഓഫീസുകളും കേരളത്തിലുണ്ട്. അതുകൊണ്ട് തന്നെ ആകെ മാലിന്യ ഉത്പാദനത്തിൽ ഒരു പങ്ക് സർക്കാർ സ്ഥാപനങ്ങളിൽ നിന്നും രൂപപ്പെടുന്ന മാലിന്യമാണ്. പൊതുജന സമ്പർക്കം കൂടുതലുള്ള തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലും സർക്കാർ ആശുപത്രികളിലുമൊക്കെ മാലിന്യം രൂപപ്പെടുന്നതിന്റെ തോത് കൂടുതലാണ്. അതിനാൽ തന്നെ ചെറുതും വലുതുമായ എല്ലാ സർക്കാർ സ്ഥാപനങ്ങളിലും ഓഫീസുകളിലും ഗ്രീൻ പ്രോട്ടോകോൾ നിർബന്ധമാക്കി മാലിന്യം ശാസ്ത്രീയമായ് പരിപാലിക്കേണ്ടതുണ്ട്. ആയതിനാവശ്യമായ നിർദ്ദേശങ്ങളും പ്രവർത്തനക്രമവും ചുവടെക്കൊടുക്കുന്നു.

## 4.1. ഹരിത ഓഫീസ്– ഗ്രീൻപ്രോട്ടോക്കോൾ: ഒന്നാം ഘട്ട പ്രവർത്തനങ്ങൾ

- സ്ഥാപനമേധാവിയുടെ അധ്യക്ഷതയിൽ ശുചിത്വമിഷൻ പ്രതിനിധി/റിസോഴ്സ് പേഴ്സണനെ ഉൾപ്പെടുത്തി യോഗം ചേരൽ. (ഇതിൽ ഓഫീസിൽ ഉണ്ടാകുന്ന മാലിന്യങ്ങൾ, കുറയ്ക്കാവുന്ന മാലിന്യങ്ങൾ, അനുയോജ്യ ജൈവമാലിന്യ സംസ്കരണ ഉപാധി, അജൈവമാലിന്യ ശേഖരണ രീതി എന്നിവ പട്ടികപ്പെടുത്തലും തീരുമാനിക്കലും)
- ഓരോ പ്രവർത്തനങ്ങളും നടപ്പിലാക്കുന്നതിന്റെ ഘട്ടങ്ങൾ നിശ്ചയിക്കൽ
- ഓരോ പ്രവർത്തനത്തിനും ചുമതലക്കാരെ തീരുമാനിക്കൽ
- സ്ഥാപനത്തിലെ ജീവനക്കാർക്ക് പരിശീലനം
- മൊത്തം പ്രവർത്തനങ്ങൾ കോ-ഓർഡിനേറ്റ് ചെയ്യാൻ ഒരു ഒരു മുതിർന്ന ഉദ്യോഗസ്ഥനെ നിശ്ചയിക്കൽ. പ്രസ്തുത ഉദ്യോഗസ്ഥനെ ഗ്രീൻ പ്രോട്ടോക്കോൾ ഓഫീസറെന്ന് നാമകരണം ചെയ്യൽ.
- സ്ഥാപനതല ഗ്രീൻ പ്രോട്ടോക്കോൾ കമ്മിറ്റി രൂപീകരണം (സ്ഥാപന മേധാവി + ശുചിത്വമിഷൻ പ്രതിനിധി + അതാത് തദ്ദേശ സ്ഥാപനങ്ങളിൽ നിന്നുള്ള പ്രതിനിധികൾ + ശുചിത്വമേഖലയിൽ പ്രവർത്തിക്കുന്ന സന്നദ്ധസംഘടനയിലെ പ്രതിനിധി)
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഘടക സ്ഥാപനങ്ങളിൽ ഗ്രീൻപ്രോട്ടോക്കോൾ കമ്മിറ്റിയിൽ അതാത് സ്ഥാപന പ്രതിനിധി, ജന പ്രതിനിധി, ശുചിത്വ വർക്കിംഗ് ഗ്രൂപ്പ് പ്രതിനിധി, ശുചിത്വ മിഷൻ റിസോഴ്സ് പേഴ്സൺ എന്നിവരെ ഉൾപ്പെടുത്താവുന്നതാണ്.

## 4.2. ഹരിത ഓഫീസ് ഗ്രീൻപ്രോട്ടോക്കോൾ: രണ്ടാം ഘട്ട പ്രവർത്തനങ്ങൾ

- ഓഫീസുകളിലെ എല്ലാ ജീവനക്കാർക്കും അതാത് ഓഫീസുകളിലെ ഗ്രീൻപ്രോട്ടോക്കോൾ കമ്മറ്റിയുടെ നേതൃത്വത്തിൽ ജില്ലാ ശുചിത്വമിഷനുകളുടെ സഹായത്തോടെ ബോധവത്കരണ ക്ലാസ്സുകൾ, പരിശീലനം എന്നിവ നടത്തുക.
- ജീവനക്കാർ ആഹാരവും ജലവും കൊണ്ട് വരുന്നതിന് കഴുകി ഉപയോഗിക്കാൻ കഴിയുന്ന പ്രകൃതി സൗഹൃദ പാത്രങ്ങൾ ശീലമാക്കുന്നതിന് നിർദ്ദേശം നൽകുക (സ്റ്റീൽ, ചില്ല്, സെറാമിക്സ് തുടങ്ങിയവ).
- ഡിസ്പോസിബിൾ കവറുകളിലും പൊതികളിലും ആഹാരം കൊണ്ടുവരുന്നത് സർക്കാർ ഓഫീസുകളിൽ കർശനമായി നിരോധിക്കുക.

- മീറ്റിങ്ങുകൾക്കും, പരിശീലന പരിപാടികൾക്കും സന്ദർശകർക്കും ആഹാരം, ലഘു ഭക്ഷണങ്ങൾ, ചായ, വെള്ളം തുടങ്ങിയവ വിതരണം ചെയ്യുന്നതിന് സ്റ്റീൽ ഗ്ലാസ്സുകളും, പാത്രങ്ങളും ഓഫീസിൽ വാങ്ങി ഉപയോഗിക്കുകയോ, വാടകയ്ക്ക് എടുത്ത് ഉപയോഗിക്കുകയോ ചെയ്യുക.
- അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായ് സഹകരിച്ച് എല്ലാ സർക്കാർ ഓഫീസുകളിലും ജൈവമാലിന്യം സംസ്കരിക്കുന്നതിന് കമ്പോസ്റ്റ്/ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുക.
- അജൈവമാലിന്യ ശേഖരണത്തിനും സംഭരണത്തിനും മിനി മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികൾ (MCF) സ്ഥാപിക്കുക. ഓരോ മാസവും കൃത്യമായ് അജൈവമാലിന്യങ്ങൾ തരംതിരിച്ച് വൃത്തിയാക്കി ഉണക്കി പുനഃചംക്രമണത്തിനായി പാഴ്വസ്തു വ്യാപാരികൾക്കോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനോ, നൽകുക.
- ഓഫീസുകളിലെ എല്ലാ നിലകളിലും ജൈവ-അജൈവമാലിന്യങ്ങൾ തരം തിരിച്ച് സൂക്ഷിക്കുന്നതിന് സംവിധാനമൊരുക്കുക. ജൈവമാലിന്യങ്ങൾ കമ്പോസ്റ്റ് യൂണിറ്റുകളിലേക്കും/ബയോഗ്യാസ് പ്ലാന്റിലേക്കും, അജൈവമാലിന്യങ്ങൾ മിനി മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി(എം.സി.എഫ്)ലേക്കും ദിവസേന മാറ്റുന്നതിന് അനുയോജ്യരായ ജീവനക്കാരെ നിയോഗിച്ച് നിർദ്ദേശവും പരിശീലനവും നൽകുക.
- സ്ഥലസൗകര്യമുള്ള ഓഫീസുകളിൽ ജീവനക്കാരുടെ കൂട്ടായ്മയോടെ കമ്പോസ്റ്റ് / ബയോഗ്യാസ് സ്ളറി എന്നിവ ഉപയോഗിച്ച് ജൈവപച്ചക്കറി കൃഷി ചെയ്യുക. ഓഫീസിനെ ഹരിതാഭമായ് സൂക്ഷിക്കുക.

## 4.3. ഹരിത ഓഫീസ് – ഗ്രീൻ പ്രോട്ടോക്കോൾ: സ്വീകരിക്കേണ്ട നടപടികൾ

### 4.3.1. ഗ്രീൻ പ്രോട്ടോകോൾ കമ്മിറ്റി രൂപീകരണം – ഓഫീസുകളിൽ

ഗ്രീൻ പ്രോട്ടോകോൾ പദ്ധതി തുടങ്ങുന്നതിന് മുന്നോടിയായ് ഓരോ ഓഫീസുകളിലും ഗ്രീൻ പ്രോട്ടോക്കോൾ പ്രവർത്തനങ്ങൾക്ക് രൂപം കൊടുക്കുന്നതിനും പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്നതിനും വേണ്ടി അതാത് വകുപ്പുകളിലെ മുതിർന്ന ഉദ്യോഗസ്ഥരെയും വിവിധ സർവ്വീസ് സംഘടനാ നേതാക്കളെയും ശുചിത്വമിഷൻ പ്രതിനിധികളെയും തദ്ദേശസ്വയംഭരണ സ്ഥാപന പ്രതിനിധിയെയും ഉൾപ്പെടുത്തിക്കൊണ്ട് ഒരു കോർ കമ്മറ്റി രൂപീകരിക്കേണ്ടതാണ്. കൂടാതെ ഓരോ സെക്ഷനിലെയും സെക്ഷൻ ഹെഡ്മാരെ ഉൾപ്പെടുത്തി ഒരു ഉപകമ്മിറ്റിയും അതാത് ഓഫീസുകളിൽ രൂപീകരിക്കാവുന്നതും അതാത് സെക്ഷനുകളിലെ ഗ്രീൻപ്രോട്ടോക്കോൾ പ്രവർത്തനം ഉപകമ്മിറ്റിയിലൂടെ നടപ്പിലാക്കാവുന്നതും മോണിറ്റർ ചെയ്യാവുന്നതുമാണ്. കോർ കമ്മിറ്റി കൺവീനറെ ഗ്രീൻ പ്രോട്ടോക്കോൾ ഓഫീസറായി നാമനിർദ്ദേശം ചെയ്യുകയും വേണം. ഓരോ മാസവും കോർ കമ്മിറ്റിയും ഉപകമ്മിറ്റിയും യോഗം ചേർന്ന് ഗ്രീൻ പ്രോട്ടോക്കോൾ / മാലിന്യ പരിപാലന സംവിധാനങ്ങളുടെ പ്രവർത്തനം വിലയിരുത്തേണ്ടതാണ്. കൂടാതെ ഗ്രീൻ പ്രോട്ടോക്കോൾ കമ്മിറ്റി അംഗങ്ങൾക്ക് ജില്ലാ ശുചിത്വ മിഷനുകളുടെ നേതൃത്വത്തിൽ പരിശീലന ബോധവത്കരണ പരിപാടി സംഘടിപ്പിക്കേണ്ടതും, ആവശ്യമായ ലഘുലേഖകളും നിർദ്ദേശങ്ങളും ലഭ്യമാക്കേണ്ടതുമാണ്. പരിശീലനം ലഭിച്ച ഗ്രീൻ പ്രോട്ടോക്കോൾ കമ്മിറ്റി അംഗങ്ങൾ ഓഫീസിലെ മറ്റ് ജീവനക്കാർക്ക് ഓഫീസ് മേധാവിയുടെയും ഗ്രീൻ പ്രോട്ടോക്കോൾ ഓഫീസറുടെയും നേതൃത്വത്തിൽ പരിശീലന – ബോധവത്കരണ പരിപാടികൾ നടത്തേണ്ടതുമാണ്.

### 4.3.2. ബോധവത്കരണ- പ്രചരണ പരിപാടികൾ



*മാലിന്യത്തിൽനിന്നും സ്വാതന്ത്ര്യം കാമ്പയിൻ- ബഹു. കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഭവനസന്ദർശനം*

മാലിന്യം കത്തിക്കുകയോ വലിച്ചെറിയുകയോ ചെയ്യുമ്പോഴുണ്ടാകുന്ന ഗുരുതര ആരോഗ്യ സാമൂഹിക മലിനീകരണ പ്രശ്നങ്ങളെക്കുറിച്ചും, കൃത്യമായ മാലിന്യ പരിപാലന സംവിധാനങ്ങൾ ഒരുക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും ജീവനക്കാർക്ക് കൃത്യമായ ബോധവത്കരണ ക്ലാസ്സുകൾ ഗ്രീൻ പ്രോട്ടോക്കോൾ കമ്മിറ്റിയുടെയും ജില്ലാ ശുചിത്വമിഷനുകളുടെയും നേതൃത്വത്തിൽ നൽകുക. ഗ്രീൻ പ്രോട്ടോക്കോൾ സന്ദേശങ്ങൾ പ്രകൃതി സൗഹൃദ വസ്തുക്കളിൽ ആലേഖനം ചെയ്ത് ഓഫീസുകളിൽ സ്ഥാപിക്കാവുന്നതാണ്. കൂടാതെ വർഷത്തിൽ കുറഞ്ഞത് 4 തവണ ബോധവത്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കേണ്ടതുമാണ്. മാലിന്യത്തെ ജൈവം, അജൈവം എന്നിങ്ങനെ തരംതിരിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ജീവനക്കാർക്ക് കൃത്യമായ ബോധവത്കരണം നടത്താവുന്നതാണ്. ആവശ്യമായ ലഘുലേഖകളും നോട്ടീസുകളും, പോസ്റ്ററുകളും ജില്ലാ ശുചിത്വ മിഷനുകളുടെ കൂടി സഹായത്തോടെ തയ്യാറാക്കി ഉപയോഗിക്കാവുന്നതാണ്.

### 4.3.3. എല്ലാത്തരം ഡിസ്പോസിബിൾ വസ്തുക്കളുടെയും ഉപയോഗം ഓഫീസുകളിൽ നിരോധിക്കൽ



ഹരിത ഓഫീസ് പദ്ധതിയുടെ ഭാഗമായ് എല്ലാ ഓഫീസുകളിലും എല്ലാത്തരം ഡിസ്പോസിബിൾ വസ്തുക്കളുടെയും നിരോധിത പ്ലാസ്റ്റിക്ക് ഉത്പന്നങ്ങളുടെയും ഉപയോഗം കർശനമായ് നിരോധിക്കേണ്ടതും, പകരം കഴുകി ഉപയോഗിക്കുവാൻ കഴിയുന്ന പാത്രങ്ങൾ ആവശ്യാനുസരണം (സ്റ്റീൽ, ചില്ല്, സെറാമിക്സ് തുടങ്ങിയവ) സജ്ജീകരിക്കുന്നതിന് പൊതു തീരുമാനം എടുക്കാവുന്നതുമാണ്. ജീവനക്കാർ ആഹാരവും വെള്ളവും കൊണ്ട് വരുന്നതിന് ഇത്തരം പാത്രങ്ങൾ ഉപയോഗിക്കുന്നതിന് കർശന നിർദ്ദേശം നൽകേണ്ടതാണ്. ആയത് മാലിന്യ ഉത്പാദനത്തിന്റെ അളവ് കുറയ്ക്കുന്നതിന് ഏറെ സഹായകര മാണ്. നിർദ്ദേശം പാലിക്കാത്തവർക്കെതിരെ മാതൃകാപരമായ നടപടിയും സ്വീകരിക്കാവുന്നതാണ്.

### 4.3.4. പ്രകൃതി സൗഹൃദ പാത്രങ്ങൾ സജ്ജീകരിക്കൽ

ഗ്രീൻ പ്രോട്ടോക്കോൾ പ്രവർത്തനങ്ങളുടെ ഭാഗമായ് എല്ലാ ഓഫീസുകളിലും ഡിസ്പോസിബിൾ വസ്തുക്കളുടെ ഉപയോഗം നിരോധിക്കുന്നതിനൊപ്പം പകരമായ് ആവശ്യാനുസരണം കഴുകി ഉപയോഗിക്കാൻ കഴിയുന്ന പാത്രങ്ങൾ (സ്റ്റീൽ, ചില്ല്, സെറാമിക്സ് തുടങ്ങിയവ) സജ്ജീകരിക്കാവുന്നതാണ്. പൊതു പരിപാടികൾക്കും ഇതര



**നാളെയുടെ പൗരൻമാർ നാടിന്റെ വിധി നിശ്ചയിക്കും അത് മറ്റാരുമല്ല നിങ്ങൾ തന്നെയാണ്. അജൈവ പാഴ്വസ്തുക്കൾ മാലിന്യത്തിലേക്കു തള്ളാതെ തരംതിരിച്ച് പുനരുപയോഗത്തിനും പുനചംക്രമണത്തിനും കൈമാറുക.**

ഫംഗ്ഷനുകൾക്കും , സന്ദർശകർക്കുമുള്ള ആഹാരം, ചായ, വെള്ളം, ലഘു ഭക്ഷണം, എന്നിവ ഇത്തരത്തിൽ സജ്ജീകരിച്ച പാത്രങ്ങളിൽ നൽകാവുന്നതാണ്. ഗ്രീൻ പ്രോട്ടോക്കോൾ പാലിച്ച് ആഹാരവിതരണം നടത്തുന്ന നിരവധി കുടുംബശ്രീ യൂണിറ്റുകൾ സംസ്ഥാനത്തെമ്പാടും പ്രവർത്തിച്ച് വരുന്നുണ്ട്.



## 4.3.5. ഹൗസ്സ് കീപ്പിങ്ങ് ജീവനക്കാർക്ക് പരിശീലനം

ഹൗസ്സ് കീപ്പിങ്ങ് വിഭാഗത്തിലെ ജീവനക്കാർക്ക് ജൈവ, അജൈവ മാലിന്യങ്ങൾ തരംതിരിച്ച് സംസ്കരിക്കുന്നതിനാവശ്യമായതും, മാലിന്യ സംസ്കരണ ഉപാധികൾ പ്രവർത്തിപ്പിക്കുന്നതിലും തകരാറുകൾ പരിഹരിക്കുന്നതിലും കൃത്യമായ പരിശീലനം ജില്ലാ ശുചിത്വ മിഷനുകളുമായും സംവിധാനങ്ങൾ സ്ഥാപിച്ച് നൽകുന്ന സേവന ദാതാവ്/ അക്രഡിറ്റഡ് ഏജൻസികളുമായ് ചേർന്നും സംഘടിപ്പിക്കാവുന്നതാണ്.

## 4.3.6. നിരോധിത പ്ലാസ്റ്റിക്ക് ഉത്പന്നങ്ങൾ ഒഴിവാക്കൽ

ആഹാര വസ്തുക്കൾ പാഴ്സലായ് വാങ്ങിക്കുന്നത് വഴിയും ഫങ്ഷനുകൾ നടക്കുമ്പോൾ കാറ്ററിംഗ് സ്ഥാപനങ്ങൾ വഴിയും ഓഫീസുകളിൽ ധാരാളമായി നിരവധി പ്ലാസ്റ്റിക് വസ്തുക്കൾ എത്തുന്നുണ്ട്. ഇത്തരം നിരോധിത പ്ലാസ്റ്റിക്ക്/ ഡിസ്പോസിബിൾ വസ്തുക്കളിൽ പാക്ക്ചെയ്ത ആഹാര വസ്തുക്കൾ ഓഫീസിൽ കൊണ്ട് വരുന്നതിന് കർശന നിരോധനം ഏർപ്പെടുത്താവുന്നതാണ്. ആഹാരം പാഴ്സൽ വാങ്ങുന്നതിന് ജീവനക്കാർ കഴുകി ഉപയോഗിക്കാൻ കഴിയുന്ന പാത്രങ്ങൾ സ്ഥിരമായ് കയ്യിൽ കരുതുവാൻ നിർദ്ദേശം നൽകാവുന്നതാണ്. മറ്റ് ഫങ്ഷനുകൾക്കും ആഘോഷങ്ങൾക്കും കേറ്ററിംഗ് സർവ്വീസുകൾ വഴി ആഹാരം ബുക്ക് ചെയ്യുമ്പോൾ കഴുകി ഉപയോഗിക്കുവാൻ കഴിയുന്ന പാത്രങ്ങളിൽ ആഹാരം ഓഫീസുകളിൽ വിതരണം ചെയ്യുന്നതിന് കാറ്ററിംഗുകാർക്ക് നിർദ്ദേശം നൽകുവാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

## 4.3.7. ഉപയോഗ ശൂന്യമായ ഫർണ്ണിച്ചറുകളും ഇ- മാലിന്യങ്ങളും നീക്കംചെയ്യൽ

എല്ലാ ഓഫീസുകളിലും സർക്കാർ സ്ഥാപനങ്ങളിലും ധാരാളം കേടുപാടുള്ള ഫർണിച്ചറുകളും ഉപയോഗ ശൂന്യമായ ഇലക്ട്രോണിക്ക് വസ്തുക്കളും കൂട്ടിയിടപ്പെട്ടിട്ടുണ്ട്. ഇത്തരം വസ്തുക്കളെ ഹരിത ഓഫീസ് പ്രവർത്തനത്തിന്റെ ഭാഗമായ് ആദ്യം തന്നെ നടപടി ക്രമം പൂർത്തീകരിച്ച് കണ്ടം ചെയ്യേണ്ടതാണ്. റിപ്പയർ ചെയ്യാവുന്നവ അടിയന്തിരമായ് റിപ്പയർ ചെയ്ത് പരമാവധി ഉപയോഗിക്കേണ്ടതാണ്. ഇത്തരം വസ്തുക്കൾ കൂട്ടിയിടുന്നത് കൊതുക്, എലി, നായ്ക്കൾ എന്നിവയുടെ ശല്യം വർദ്ധിക്കുന്നതിന് കാരണമാവുകയും, പകർച്ച വ്യാധികൾക്ക്




*എറണാകുളം കളക്ട്രേറ്റിലെ ഇ-മാലിന്യ നീക്കം*

**വിവിധതരം മാലിന്യങ്ങൾ കൂട്ടിക്കലർത്തി കവറിൽക്കെട്ടി വലിച്ചെറിയുന്നത് ജലം, വായു, മണ്ണ് എന്നിവയുടെ മലിനീകരണത്തിന് കാരണമാകുന്നതോടൊപ്പം ഇതു ക്ഷുദ്ര ജീവികളുടെ പ്രജനനത്തിനും പലതരം പകർച്ച വ്യാധികൾ പടർന്നു പിടിക്കുന്നതിനും ഇടയാക്കുന്നു.**

വഴിയൊരുക്കുകയും, ക്ഷുദ്ര ജീവികൾക്ക് താവളമൊരുക്കപ്പെടുകയും ചെയ്യുന്നുണ്ട്. കൂടാതെ ഓഫീസുകളുടെ സ്ഥലസൗകര്യത്തിന്റെ നല്ലൊരു ശതമാനവും അത്തരത്തിൽ കൂട്ടിയിടപ്പെട്ട മാലിന്യങ്ങൾ അപഹരിക്കുന്നുണ്ട്. കൂടാതെ ഇത്തരത്തിൽ കൂട്ടിയിട്ടിരിക്കുന്ന വസ്തുക്കൾ ലേലം ചെയ്ത് കിട്ടുന്ന തുക സർക്കാരിന് ഒരു മുതൽക്കൂട്ടാവുകയും ചെയ്യും. ഇതിന് "ഓപ്പറേഷൻ സ്ക്രാപ്പ്" എന്ന പേരിൽ തന്നെ ഒരു ക്യാമ്പയിൻ നടത്താവുന്നതാണ്.

## 4.3.8 ജൈവ മാലിന്യ സംസ്കരണത്തിന് ഉപാധികൾ സ്ഥാപിച്ച് സംവിധാനമൊരുക്കൽ




*കേരള നിയമസഭയിൽ സ്ഥാപിച്ചിട്ടുള്ള കമ്പോസ്റ്റിംഗ് സംവിധാനങ്ങൾ*

എല്ലാ ഓഫീസുകളിലും ജൈവ-അജൈവ മാലിന്യങ്ങൾ ജീവനക്കാർക്ക് തരംതിരിച്ച് നിക്ഷേപിക്കുന്നതിന് ബിൻ സംവിധാനമൊരുക്കാവുന്നതാണ്. അഴുക്കുപുരണ്ട അജൈവ വസ്തുക്കൾ കഴുകി വൃത്തിയാക്കി നിക്ഷേപിക്കേണ്ടതാണ്. ജൈവ മാലിന്യത്തോടു കൂടിയ അജൈവ വസ്തുക്കൾ പുനഃചംക്രമണം ചെയ്യുന്നതിന് സാധ്യമല്ല. തരംതിരിച്ച് ബിന്നുകളിൽ നിക്ഷേപിക്കുന്ന ജൈവ മാലിന്യം സംസ്കരിക്കുന്നതിന് അനുയോജ്യമായ ജൈവമാലിന്യ സംസ്കരണ സംവിധാനങ്ങൾ ശുചിത്വ മിഷൻ അക്രഡിറ്റഡ് ഏജൻസികൾ വഴി നേരിട്ടോ, സേവനദാതാക്കൾ വഴി ക്വട്ടേഷൻ/ ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ചോ സ്ഥാപിക്കാവുന്നതാണ്. ജീവനക്കാരുടെ എണ്ണത്തിനാനുപാതികമായ് അനുയോജ്യ സംവിധാനങ്ങൾ സ്ഥാപിച്ച് ജൈവ മാലിന്യം കമ്പോസ്റ്റോ/ ബയോഗ്യാസ്സോ ആക്കി മാറ്റാവുന്നതാണ്.

എല്ലാ ഓഫീസുകളിലും നിർബന്ധമായും അനുയോജ്യമായ ഏതെങ്കിലും ഒരു കമ്പോസ്റ്റ് / ബയോഗ്യാസ്സ് സംവിധാനമെങ്കിലും ഉണ്ടായിരിക്കണം. ഓഫീസുകൾക്കനുയോജ്യമായ ജൈവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഏതെന്ന് മനസ്സിലാക്കുവാൻ പേജ് നമ്പർ 23 മുതൽ കാണുക.

## 4.3.9 ജൈവമാലിന്യത്തിലൂടെ ജൈവ പച്ചക്കറി സർക്കാർ ഓഫീസുകളിൽ

കമ്പോസ്റ്റിങ്ങിലൂടെ വളമാക്കിയെടുക്കുന്ന ജൈവ മാലിന്യം, ബയോഗ്യാസ് സ്ലറി എന്നിവ ഹൗസ് കീപ്പിങ്ങ് ജിവനക്കാരെയും ഗാർഡ്നർമാരെയും സംഘടിപ്പിച്ച് കൊണ്ട് അതാത് ഓഫീസുകളിൽ തന്നെ ഗ്രീൻ പ്രോട്ടോക്കോൾ കമ്മിറ്റിയുടെ നേതൃത്വത്തിൽ ജൈവ പച്ചക്കറി കൃഷിക്കോ പൂന്തോട്ട നിർമ്മാണത്തിനോ ഉപയോഗിക്കാവുന്നതാണ്. ഇതിനായ് ജീവനക്കാരുടെ കൂട്ടായ്മ രൂപീകരിച്ച് അവരുടെ സേവനം കൂടി പ്രയോജനപ്പെടുത്താവുന്നതും മറ്റ് ജീവനക്കാർക്ക് താല്പര്യമുള്ള പക്ഷം ഓഫീസ് സമയത്തിന് ശേഷം അധിക സമയം കണ്ടെത്തി അത്തരം പ്രവർത്തനങ്ങൾക്ക് മേൽനോട്ടം നൽകാവുന്നതുമാണ്.



*വയനാട് കളക്ട്രേറ്റിലെ ജൈവപച്ചക്കറി കൃഷി*



**ജൈവമാലിന്യങ്ങൾ കമ്പോസ്റ്റാക്കി, അവ ജൈവ പച്ചക്കറി കൃഷിക്കായി ഉപയോഗിക്കുക.**

### 4.3.10. അജൈവ മാലിന്യ പരിപാലനം- തരംതിരിക്കൽ, ശേഖരണം, പുനഃചംക്രമണത്തിന് കൈമാറൽ

പ്ലാസ്റ്റിക്കും ഇ-മാലിന്യവുമുൾപ്പെടയുള്ള അജൈവമാലിന്യങ്ങളാണ് ഏറ്റവും പ്രതിസന്ധി സൃഷ്ടിക്കുന്ന മാലിന്യങ്ങൾ. എന്നാൽ ഗ്രീൻ പ്രോട്ടോക്കോൾ പ്രവർത്തനത്തിലൂടെ ഇത്തരം വസ്തുക്കളുടെ ഉപയോഗം നിരോധിക്കുകയും കഴുകി ഉപയോഗിക്കുവാൻ കഴിയുന്ന പാത്രങ്ങൾ സ്ഥാനം കയ്യടക്കുകയും ചെയ്യുമ്പോൾ തീർച്ചയായും അജൈവ മാലിന്യ ഉത്പാദനത്തിന്റെ അളവ് നല്ല രീതിയിൽ കുറയ്ക്കുവാൻ സാധിക്കും. എല്ലാ ഓഫീസുകളിലും ഡിസ്പോസിബിൾ വസ്തുക്കളുടെ ഉപയോഗം നിരോധിച്ചാലും സ്റ്റേഷനറി വസ്തുക്കൾ ഉൾപ്പടെയുള്ള വയുടെ പാക്കിങ്ങിന്റെ ഭാഗമായ് പ്ലാസ്റ്റിക്കുകൾ ഓഫീസുകളിൽ എത്തപ്പെടും. ഇത്തരം വസ്തുക്കളെ പ്രത്യേകം ശേഖരിച്ച് തരംതിരിച്ച് വൃത്തിയാക്കി പാഴ്‌വസ്തു വ്യാപാരികൾക്കോ അതാത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിനോ പുനഃചംക്രമണത്തിനായി നൽകി പ്രശ്നം പരിഹരിക്കാവുന്നതാണ്.



*തിരുവനന്തപുരം ടെക്നോപാർക്കിലെ അജൈവമാലിന്യ സംഭരണം*

### 4.3.11. മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (MCF) സ്ഥാപിക്കൽ

അജൈവ വസ്തുക്കൾ തരംതിരിച്ച് ശേഖരിച്ച് വയ്ക്കുന്നതിനുള്ള ഷെഡ്ഡുകളാണ് മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികൾ. എല്ലാ ഓഫീസുകളിലും രൂപപ്പെടുന്ന അജൈവ വസ്തുക്കൾ വൃത്തിയാക്കി തരംതിരിച്ച് ശേഖരിച്ച് എം.സി.എഫുകളിൽ സംഭരിക്കാവുന്നതാണ്. ആയത് നിറയുമ്പോൾ പാഴ്‌വസ്തുവ്യാപാരികൾക്കോ അതാത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിനോ പുനഃചംക്രമണം ചെയ്യുന്നതിന് കൈമാറാവുന്നതാണ്. ഇത്തരത്തിൽ അജൈവ വസ്തുക്കളും ഇ-മാലിന്യങ്ങളും സംഭരിക്കുന്നതിന് ഓഫീസുകളിൽ മിനി മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികൾ (MCF) സ്ഥാപിക്കാവുന്നതാണ്. ഇത്തരം ഷെഡ്ഡുകളിൽ പ്രത്യേകം റാക്കുകൾ നിർമ്മിച്ച് അജൈവ വസ്തുക്കൾ തരംതിരിച്ച് സൂക്ഷിക്കാവുന്നതാണ്. ഓഫീസ് ജീവനക്കാരുടെ എണ്ണത്തിനാനുപാതികമായ് കുറഞ്ഞത് 300 മുതൽ 1000 sqft വരെ വലിപ്പമുള്ള MCFകൾ ഇത്തരത്തിൽ ഓരോ ഓഫീസുകളിലും സ്ഥാപിക്കേണ്ടതുണ്ട്. ഉപയോഗ ശൂന്യമായ് കിടക്കുന്ന മുറികളോ ഷെഡ്ഡുകളോ നവീകരിച്ച് മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി(MCF)യാക്കി മാറ്റാവുന്നതാണ്. ഇത്തരം സംവിധാനങ്ങളുടെ പരിപാലനത്തിന് പ്രത്യേകം ജീവനക്കാരെ നിയോഗിക്കേണ്ടതും അവർക്ക് ജില്ലാ ശുചിത്വ മിഷനുകൾ വഴി പരിശീലനം നൽകേണ്ടതുമാണ്.



*ചിറ്റൂർ തത്തമംഗലം നഗരസഭ - എം.സി.എഫ്.*

**പ്ലാസ്റ്റിക്, ഇലക്ട്രോണിക് സാധനങ്ങൾ ഉൾപ്പെടെയുള്ള അജൈവമാലിന്യങ്ങൾ പുനചംക്രമണത്തിനായി പാഴ്‌വസ്തു ശേഖരിക്കുന്നവരെ കണ്ടെത്തി കൈമാറൂ, രാജ്യത്തിന് മാതൃക കാട്ടൂ.**

## 4.3.12. ഓഫീസ് ക്യാന്റീനുകളെ ഹരിതാഭമാക്കൽ



*തിരുവനന്തപുരം എൻ.ഐ.സി. ഓഫീസിലെ ഹരിത ക്യാന്റീൻ*

ഓഫീസ് സമുച്ചയങ്ങളുടെ ഭാഗമായി പ്രവർത്തിക്കുന്ന ക്യാന്റീനുകളിൽ ശക്തമായി ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കേണ്ടതുണ്ട്. ക്യാന്റീനുകളിൽ ഡിസ്പോസിബിൾ വസ്തുക്കൾ പൂർണ്ണമായും ഒഴിവാക്കി കഴുകി ഉപയോഗിക്കാൻ കഴിയുന്ന പാത്രങ്ങളുടെ ഉപയോഗം നിർബന്ധമാക്കാവുന്നതാണ്. പാഴ്സലുകൾ ഉൾപ്പടെ നൽകുന്നതിന് പ്രകൃതി സൗഹൃദ ക്രമീകരണങ്ങൾ കൂടിയേ തീരൂ. കൂടാതെ ക്യാന്റീനുകളിലെ ജൈവ അജൈവ മാലിന്യങ്ങൾ പ്രത്യേകം തരം തിരിക്കേണ്ടതും, ജൈവ മാലിന്യം സംസ്കരിക്കുന്നതിന് ഉത്പാദിപ്പിക്കപ്പെടുന്ന ജൈവ മാലിന്യത്തിനാനുപാധികമായി സംസ്കരണശേഷിയുള്ള ബയോ ഗ്യാസ് പ്ലാന്റുകൾ, കമ്പോസ്റ്റിംഗ് ഉപാധികൾ ശുചിത്വമിഷന്റെയും അതാത് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെയും സഹകരണത്തോടെ സ്ഥാപിക്കാവുന്നതാണ്. കമ്പോസ്റ്റിംഗ് ഉപാധികളിൽനിന്നുള്ള ജൈവവളം ഓഫീസിലെ ജൈവകൃഷി പൂന്തോട്ട നിർമ്മാണം എന്നിവയ്ക്ക് ഉപയോഗിക്കാവുന്നതാണ്. ബയോഗ്യാസ്സിൽ നിന്നുള്ള പാചകവാതകം ക്യാന്റീനിൽ തന്നെ പാചക ആവശ്യങ്ങൾക്ക് ഉപയോഗിക്കാവുന്നതാണ്. ബയോഗ്യാസ്സിൽ നിക്ഷേപിക്കാൻ പാടില്ലാത്ത ജൈവ മാലിന്യം കമ്പോസ്റ്റിങ്ങ് ഉപാധി സ്ഥാപിച്ച് നിക്ഷേപിക്കാവുന്നതാണ്. ക്യാന്റീനുകളിലെ അജൈവ മാലിന്യം കഴുകി ഉണക്കി വൃത്തിയാക്കി അതാത് ഓഫീസുകളിലെ തന്നെ മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികളിൽ പുനഃചംക്രമണത്തിന് കൈമാറുന്നതിന് വേണ്ടി ഏൽപ്പിക്കാവുന്നതാണ്.

## 4.3.13. ശുചിമുറി നവീകരണം – പുതിയത് സ്ഥാപിക്കൽ

ഓഫീസ് ശുചിത്വത്തിന്റെ പ്രധാന നേർക്കാഴ്ചയാണ് ശുചി മുറികൾ. ആധുനിക സജ്ജീകരണങ്ങളുള്ള കെട്ടിടങ്ങളിൽ പോലും ശുചിമുറികളുടെ അവസ്ഥ ശോചനീയമാണ്. ശരിയായ പരിപാലനമില്ലായ്മയും ജീവനക്കാർക്ക് അനുപാതികമായ് ശുചിമുറികളുടെ എണ്ണക്കുറവുമാണ് അതിന് പ്രധാന കാരണം. കുറഞ്ഞത് 25 പേർക്ക് ഒരു ശുചിമുറി എന്ന നിലയിൽ സർക്കാർ ഓഫീസുകളിൽ വൃത്തിയും വെടിപ്പും ജലലഭ്യതയുമുള്ള ശൗചാലയങ്ങൾ നിർമ്മിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. അതിൽ നിശ്ചിത ശതമാനം ശുചിമുറികൾ സ്ത്രീ/ഭിന്നശേഷി സൗഹൃദമാക്കുകയും വേണം. ശാസ്ത്രീയമായ് നിർമ്മിച്ച സെപ്റ്റിക്ക് ടാങ്കുകളും ഓടകളും മലിന ജല പുനരുപയോഗ സംവിധാനങ്ങളും സർക്കാർ ഓഫീസുകളിൽ ക്രമേണ രൂപപ്പെടുത്തേണ്ടതാണ്.

# 5. സമ്പൂർണ്ണ ഹരിത ഓഫീസ് – വിവിധ പ്രവർത്തന ഘട്ടങ്ങൾ

ഗ്രീൻപ്രോട്ടോക്കോൾ പ്രവർത്തനങ്ങൾ കാര്യക്ഷമമായ് നടപ്പിലാക്കുന്നതോടെ അതാത് ഓഫീസുകളിൽ ജൈവ-അജൈവ മാലിന്യത്തിന്റെ അളവ് കുറഞ്ഞ് വരുകയും മാലിന്യ സംസ്കരണം തികച്ചും ശാസ്ത്രീയമായി മാറുകയും ചെയ്യും. എന്നാൽ കേവലം ഗ്രീൻ പ്രോട്ടോക്കോൾ എന്നതിലുപരി എല്ലാത്തരം മാലിന്യങ്ങളും ശാസ്ത്രീയമായ് സംസ്കരിക്കുന്നതിലും മറ്റ് പ്രകൃതി വിഭവങ്ങളുടെ പരിപാലനത്തിലും സംരക്ഷണ

ത്തിലും സർക്കാർ ഓഫീസുകൾക്ക് മാതൃകയാകാവുന്നതാണ്. ഭക്ഷണം വാഴയിലയും പേപ്പറും ഉപയോഗിച്ച് പൊതിഞ്ഞുകൊണ്ട് വന്ന് ഓഫീസുകളിൽ വച്ച് കഴിക്കുന്നത് ആരോഗ്യകരമാണെങ്കിലും ഉപയോഗശേഷം വാഴയിലയും പേപ്പറും കൂട്ടിയിടപ്പെടുന്നത് സ്ഥലസൗകര്യം കുറവുള്ള ഓഫീസുകളിൽ മാലിന്യപ്രശ്നം സൃഷ്ടിക്കും എന്നതിനാൽ പരമാവധി കഴുകി ഉപയോഗിക്കുവാൻ കഴിയുന്ന പാത്രങ്ങൾ ശീലമാക്കുന്നത് ഉചിതമാകും. ആയതിന് ഏറ്റെടുക്കാവുന്ന പ്രവർത്തനങ്ങളും വിവിധ ഘട്ടങ്ങളിലായി സ്വീകരിക്കാവുന്ന നടപടികളും ചുവടെ പട്ടികപ്പെടുത്തുന്നു.

| ക്രമ നം. | വിവിധ ഘട്ട ങ്ങൾ | പ്രവർത്തനങ്ങൾ | നടപടികൾ |
|---|---|---|---|
| 1. | ഭക്ഷണമാലിന്യം ഇല്ലാതാക്കൽ | • ആവശ്യത്തിന് മാത്രം ആഹാരം ഓഫീസുകളിലേയ്ക്ക് കൊണ്ടു വരികയും പരമാവധി പാഴാക്കാതെ കഴിക്കുകയും ചെയ്യുക<br>• പായ്ക്കിംഗ് കുറവുള്ള ഭക്ഷണരീതി ശീലമാക്കുക | • ഡിസ്പോസിബിൾ വസ്തുക്കളിലെ ഭക്ഷണ വിതരണം, പായ്ക്കിംഗ് മുതലായവയ്ക്ക് ഓഫീസുകളിൽ നിരോധനം ഏർപ്പെടുത്തുക<br>• എല്ലാ ജീവനക്കാരും കഴുകി ഉപയോഗിക്കാൻ കഴിയുന്ന പാത്രങ്ങൾ ശീലമാക്കുന്നതിനും ആഹാരം പാഴാക്കാതെ കഴിക്കുന്നതിനും ബോധവത്കരണവും നിർദേശവും വകുപ്പ് മേധാവികൾ/ഓഫീസ് മേധാവികളിൽ നിന്നും ജീവനക്കാർക്ക് നൽകുക |
| 2. | ജൈവമാലിന്യം തരംതിരിക്കൽ ശാസ്ത്രീയമായ് സംസ്കരിക്കൽ | • ഓഫീസുകളിലെ ജീവനക്കാരുടെ എണ്ണത്തിനാനുപാതികമായ് ജൈവമാലിന്യത്തിന്റെ അളവ് കണക്കാക്കുക<br>• അജൈവമാലിന്യവുമായ് കൂടിക്കലരാതെ ജൈവ മാലിന്യം പ്രത്യേകം തരം തിരിച്ച് നിക്ഷേപിക്കു ന്നതിന് സംവിധാനമൊരുക്കൽ<br>• ജീവനക്കാരെ ബോധവത്കരിക്കൽ | • മാലിന്യം തരംതിരിച്ച് നിക്ഷേപിക്കുന്നതിന് പ്രത്യേകം സ്റ്റിക്കറോടുകൂടിയ ബിന്നുകൾ ഓഫീസുകളിലെ വാഷിംഗ് ഏരിയയിൽ സ്ഥാപിക്കൽ.<br>• തരംതിരിച്ച് ശേഖരിക്കുന്ന ജൈവമാലിന്യം സംസ്കരിക്കുന്നതിന് അനുയോജ്യമായ കമ്പോസ്റ്റിംഗ്/ ബയോഗ്യാസ് ഉപാധികൾ ശുചിത്വ മിഷന്റെ സാങ്കേതിക നിർദ്ദേശത്തിനനുസരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്താൽ സ്ഥാപിക്കേണ്ടതും ആയത് പരിചരിക്കുന്നതിന് അനുയോജ്യരായ ജീവനക്കാർക്ക് പ്രത്യകം പരിശീലനം നൽകി ചുമതലപ്പെടുത്തേണ്ടതുമാണ്. |

| ക്രമ നം. | വിവിധ ഘട്ട ങ്ങൾ | പ്രവർത്തനങ്ങൾ | നടപടികൾ |
|---|---|---|---|
| 3. | അജൈവമാലി നൃത്തിന്റെ പരി പാലനവും അള വ് കുറക്കലും പ രിപാലനവും | • പ്ളാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവ വസ്തുക്കളുടെ ഉപയോഗം ക്രമേണ ഓഫീ സുകളിൽ കുറച്ച് കൊണ്ട് വരൽ<br>• പ്ളാസ്റ്റിക്കിന് ബദലായി ഉപയോഗിക്കാവുന്ന വസ് തുക്കൾ ഓഫീസുകളിൽ സജ്ജീകരിക്കൽ<br>• പേപ്പറിന്റെ ഉപയോഗം കു റക്കുന്നതിന് ഇ-ഫയൽ സംവിധാനമൊരുക്കൽ<br>• ഇ-മാലിന്യം മറ്റ് അപക ടകരമായ മാലിന്യങ്ങൾ എന്നിവ സുരക്ഷിതമായ് ശേഖരിച്ച് അംഗീകൃത ഏജൻസികൾക്ക് കൈമാ റൽ | • നിരോധിത പ്ളാസ്റ്റിക് ഉൽപ ന്നങ്ങളുടെ ഉപയോഗം ഓഫീ സിൽ നിരോധിക്കൽ<br>• കഴുകി ഉപയോഗിക്കുവാൻ കഴി യുന്ന പാത്രങ്ങൾ ജീവനക്കാരു ടെ എണ്ണത്തിന് ആനുപാതിക മായ് വാങ്ങൽ<br>• പേപ്പർ ഫയലുകൾക്ക് പകരം ഇ-ഫയൽ സംവിധാനം നടപ്പാ ക്കൽ<br>• ഇ-മാലിന്യമുൾപ്പെടെ യുള്ള അപകടകരമായ മാലിന്യം, പ്ളാസ്റ്റിക്, പേപ്പർ തുടങ്ങിയവ വൃത്തിയാക്കി പ്രത്യേകം സംഭര ണികൾ സ്ഥാപിച്ച് ശേഖരിക്കേ ണ്ടതും ആയത് താത്ക്കാ ലിക മായ് സംഭരി ക്കുന്നതിന് ഓഫീ സുകളിൽ മിനി മെറ്റീരിയൽ കള ക്ഷൻ (എം.സി.എഫ്) ഫെസിലി റ്റികൾ സ്ഥാപിക്കേണ്ടതു മാണ്. പ്രസ്തുത വസ്തുക്കൾ മാസ ത്തിലൊരിക്കൽ എം.സി.എഫ്ക ളിൽ നിന്ന് ശേഖരിക്കുന്നതിന് അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ/ക്ളീൻ കേരളാ കമ്പനി/ പാഴ് വസ്തു വ്യാപാ രികൾ എന്നിവരുമായ് കരാർ വയ്ക്കേണ്ടതുമാണ്. |
| 4. | ജലസംരക്ഷണം | • ജലദുരുപയോഗം തടയൽ<br>• ജീവനക്കാർക്ക് ബോധവ ത്കരണം നൽകൽ<br>• മഴകുഴികൾ നിർമ്മിക്കൽ<br>• കിണറുകൾ, മറ്റ് ജലസ്രോ തസുകൾ എന്നിവ വൃത്തി യാക്കി ഉപയോഗിക്കൽ<br>• മഴവെള്ള സംഭരണം നടത്തി പരമാവധി ജലം പുനരുപയോഗിക്കൽ | • ജലദുരുപയോഗം തടയുന്ന തി ന് ജീവനക്കാരെ ബോധവത്ക രിക്കൽ ആയതിന് അനുയോജ്യ മായ പോസ്റ്ററുകളും ബോർഡു കളും ഓഫീസിൽ സ്ഥാപിക്കൽ<br>• ചോർച്ചയുള്ള പഴയ ടാപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കൽ<br>• ജല ഉപഭോഗം കണക്കാക്കുന്ന തിന് രജിസ്റ്റർ സൂക്ഷിക്കൽ<br>• മഴവെള്ള സംഭരണികൾ സ്ഥാ പിച്ച് മഴവെള്ളം ശേഖരിക്കുക യും ആയത് ജല ദൗർലഭ്യമു ള്ളപ്പോൾ ഉപയോഗിക്കുകയും ചെയ്യുന്നതിന് വേണ്ട ക്രമീകര ണങ്ങൾ ഒരുക്കുക<br>• ഓഫീസുകളിലെ ജല സ്രോത സ്സുകളെ ജല സമ്പുഷ്ടമാക്കു ന്നതിന് അനുയോജ്യമായ മഴ ക്കുഴികൾ നിർമ്മിക്കൽ. കിണർ റീചാർജിംഗ് നടത്തൽ |

| ക്രമ നം. | വിവിധ ഘട്ടങ്ങൾ | പ്രവർത്തനങ്ങൾ | നടപടികൾ |
|---|---|---|---|
| 5. | വൈദ്യുതി ലാഭിക്കൽ | • അനാവശ്യമായി വൈദ്യുതി പാഴാക്കുന്നതിനെതിരെ ജീവനക്കാർക്ക് ബോധവത്കരണം നൽകൽ<br>• പകൽ സമയങ്ങളിൽ അനാവശ്യ ലൈറ്റുകളും ഫാനുകളും ഉപയോഗിക്കുന്നത് നിയന്ത്രിക്കൽ<br>• കാലഹരണപ്പെട്ട ഇലക്ട്രിക്കൽ/ഇലക്ട്രോണിക് ഉപാധികൾ മാറ്റി സ്ഥാപിക്കൽ<br>• കാലാവസ്ഥയ്ക്ക് അനുസൃതമായി മാത്രം എയർ കണ്ടീഷണറുകൾ ഉപയോഗിക്കൽ | • വൈദ്യുതി ദുരുപയോഗം ചെയ്യുന്നതിനെതിരെ ബോധവത്കരണ ക്ളാസ്സു കൾ നടത്തേണ്ടതും അനു യോജ്യ പോസ്റ്ററുകൾ, ബോർഡുകൾ എന്നിവ ഓഫീസുകളിൽ സ്ഥാപിക്കാവുന്നതുമാണ്.<br>• ജീവനക്കാർ മീറ്റിംഗിനും മറ്റും പോകുന്ന സമയങ്ങളിൽ ഫാനുകൾ, ലൈറ്റുകൾ മുതലായവ ഓഫാക്കുന്നതിന് നിർദ്ദേശം നൽകാവുന്നതാണ്<br>• വൈദ്യുതി ലാഭിക്കുന്ന തരത്തിലുള്ള സി.എഫ്.എൽ, എൽ.ഇ.ഡി ഉപകരണങ്ങൾ, ബൾബുകൾ തുടങ്ങിയവ ഓഫീസുകളിൽ സ്ഥാപിക്കാവുന്നതാണ്.<br>• ചുടുകാലങ്ങളിൽ മാത്രം എയർ കണ്ടീഷണർ ഉപയോഗിക്കുന്നതിന് ജീവനക്കാർക്ക് നിർദ്ദേശം നൽകാവുന്നതാണ്. |
| 6. | ആധുനിക ശുചിമുറികൾ | • കാലഹരണപ്പെട്ടതും മാലിന്യം പുറത്തേക്ക് ഒഴുകുന്നതുമായ ശുചിമുറികൾ നവീകരിക്കൽ<br>• ജലലഭ്യത ഉറപ്പാക്കൽ<br>• ദിവസവും 3 തവണയെങ്കിലും ശുചിമുറികൾ വൃത്തിയാക്കൽ.<br>• സോപ്പ്, പ്രകൃതിദത്ത ലായനികൾ എന്നിവ ശുചിമുറിയിൽ ലഭ്യമാക്കൽ<br>• ജലത്തിന്റെ ആവശ്യകത കുറയ്ക്കുന്ന രീതിയിലുള്ള ആധുനിക ശുചിമുറികൾ നിർമ്മിക്കൽ<br>• ശുചിമുറികളിലെ മാലിന്യവും മലിന ജലവും ശാസ്ത്രീയമായ് സംസ്ക്കരിക്കൽ<br>• സാനിട്ടറി വേസ്റ്റ് മാനേജ്മെന്റ് | • മാലിന്യം പുറത്തേക്ക് ഒഴുകാത്ത രീതിയിൽ ശുചി മുറികളിൽ പൈപ്പുകൾ സ്ഥാപിച്ച് നവീകരിക്കുക<br>• വാട്ടർ ടാങ്കുകൾ സ്ഥാപിച്ച് 24 മണിക്കൂറും ജല ലഭ്യത ഉറപ്പുവരുത്തുക<br>• ആവശ്യത്തിന് ശുചീകരണ തൊഴിലാളികളെ നിയമിക്കുക<br>• ജീവനക്കാരുടെ എണ്ണത്തിന് ആനുപാതികമായ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കൂടി സഹകരണത്തോടെ ശുചിമുറികൾ നിർമ്മിക്കുക<br>• സെപ്റ്റിക്ക് ടാങ്കുകളും സോക്കേജ് പിറ്റുകളും നിർമ്മിക്കുക<br>• സാനിട്ടറി മാലിന്യം നിർമ്മാർജ്ജനം ചെയ്യുന്നതിന് സർക്കാർ മാനദണ്ഡപ്രകാരമുള്ള ഡിസ്ട്രോയറുകൾ സ്ഥാപിക്കുക |

| ക്രമ നം. | വിവിധ ഘട്ടങ്ങൾ | പ്രവർത്തനങ്ങൾ | നടപടികൾ |
|---|---|---|---|
| 7. | പൊടി രഹിത ഓഫീസ് | • ഓഫീസുകളിലെ ഫയലുകൾ അടച്ച് സൂക്ഷിക്കൽ<br>• ഫയലുകൾ ചിട്ടയായി അടുക്കി സൂക്ഷിക്കൽ<br>• വായു സമ്പർക്കം ഉറപ്പ് വരുത്തൽ<br>• ദിവസേന ഓഫീസുകൾക്കകവും ആഴ്ചയിലൊരിക്കൽ ഓഫീസ് പരിസരവും വൃത്തിയാക്കൽ<br>• ജീവനക്കാരുടെ സഹകരണത്തോടെ മാസത്തിലൊരിക്കൽ ശ്രമദാനം നടത്തൽ | • ഫയലുകളുടെ എണ്ണത്തിനാനുപാതികമായ് കമ്പോർഡുകൾ സ്ഥാപിക്കൽ<br>• ജനാലകൾ, ഫാനുകൾ, ലൈറ്റുകൾ തുടങ്ങിയവ കുറഞ്ഞത് മാസത്തിലൊരിക്കൽ വൃത്തിയാക്കുന്നതിന് ബന്ധപ്പെട്ട വിഭാഗം ജീവനക്കാരെ നിയോഗിക്കൽ<br>• ഓഫീസ് പരിസരം ശുചീകരിക്കുന്നതിന് ജീവനക്കാരെ നിയോഗിക്കൽ<br>• ആഴ്ചയിലൊരിക്കൽ ഡ്രൈഡേ ആചരിക്കൽ<br>• മാസത്തിലൊരിക്കൽ മുഴുവൻ ഓഫീസ് ജീവനക്കാരെയും പങ്കെടുപ്പിച്ച് ശ്രമദാനം നടത്തൽ |
| 8. | പൂന്തോട്ട നിർമ്മാണം | • കേരളത്തനിമയുള്ള ചെടികൾ ഉൾപ്പെടുത്തി പൂന്തോട്ടം നിർമിക്കൽ<br>• വളമായ് ജൈവകമ്പോസ്റ്റ് ഉപയോഗിക്കൽ | • ഓഫീസിലെ സ്ഥല ലഭ്യതക്കനുസരിച്ച് പൂന്തോട്ടം നിർമ്മിക്കൽ<br>• പരിചരണത്തിന് ജീവനക്കാരെ ചുമതലപ്പെടുത്തൽ<br>• ഓഫീസിലെ ജൈവ മാലിന്യം വളമാക്കി പൂന്തോട്ട നിർമ്മാണത്തിന് ഉപയോഗിക്കൽ. |
| 9. | മോണിട്ടറിങ്ങ് സംവിധാനം | • ഗ്രീൻ പ്രോട്ടോക്കോൾ, സമ്പൂർണ്ണ മാലിന്യരഹിത ഓഫീസ് എന്നീ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിന് ജീവനക്കാർക്ക് ചുമതല നൽകൽ<br>• ഓരോ വിഭാഗം പ്രവർത്തനത്തിനും രജിസ്റ്റർ സൂക്ഷിക്കൽ<br>• പ്രവർത്തന കലണ്ടർ തയ്യാറാക്കൽ | • ഓരോ വിഭാഗം പ്രവർത്തനത്തിനും മേല നോട്ടം വഹിക്കുന്നതിനും അതാത് സെക്ഷൻ ഓഫീസർമാരെ ചുമതലപ്പെടുത്തൽ<br>• ആഴ്ചയിലൊരിക്കൽ സെക്ഷൻ ഹെഡുമാരുടെ നേതൃത്വത്തിൽ അവലോകനം നടത്തൽ<br>• മാസത്തിലൊരിക്കൽ സ്ഥാപന മേധാവിയുടെ നേതൃത്വത്തിൽ വിലയിരുത്തൽ യോഗം<br>• ഓരോ മാസവും നടപ്പിലാക്കേണ്ടുന്ന പ്രവർത്തനങ്ങൾ മുൻകൂട്ടി തയ്യാറാക്കുന്നതിന് ജീവനക്കാരെ ചുമതലപ്പെടുത്തി നടപടി സ്വീകരിക്കൽ. |

## 6. ഓഫീസുകൾക്കനുയോജ്യമായ മാലിന്യസംസ്ക്കരണ ഉപാധികൾ



### 1. കിച്ചൻ ബിൻ

പ്രതിദിനം ഒരു കിലോവരെ ജൈവമാലിന്യം ഉൽപാദിപ്പിക്കുന്ന വീടുകൾ/ സ്ഥാപനങ്ങൾ എന്നിവക്കനുയോജ്യം. ഏകദേശവില ഒരു യൂണിറ്റിന് 410/-രൂപ



### 2. പോർട്ടബിൾ – ബിൻ (ചെറുത്)

പ്രതിദിനം 1 കിലോവരെ ജൈവമാലിന്യം ഉൽപാദിപ്പിക്കുന്ന വീടുകൾ/സ്ഥാപനങ്ങൾ എന്നിവയ്ക്കനുയോജ്യം. ഏകദേശ വില ഒരു യൂണിറ്റിന് 1000/– രൂപ




### 3. ബയോഡൈജസ്റ്റർ പോട്ട്

പ്രതിദിനം ഒന്നര കിലോവരെ ജൈവമാലിന്യം ഉൽപാദിപ്പിക്കുന്ന വീടുകൾ/സ്ഥാപനങ്ങൾ എന്നിവയ്ക്കനുയോജ്യം. ഏകദേശവില ഒരു യൂണിറ്റിന് 1550/-രൂപ



### 4. ബയോ കമ്പോസ്റ്റർ

പ്രതിദിനം രണ്ട് കിലോവരെ ജൈവമാലിന്യം ഉൽപാദിപ്പിക്കുന്ന വീടുകൾ/സ്ഥാപനങ്ങൾ എന്നിവയ്ക്കനുയോജ്യം. ഏകദേശ വില ഒരു യൂണിറ്റിന് 1800/– രൂപ



**5. റിംഗ് കമ്പോസ്റ്റ്**

പ്രതിദിനം 3 മുതൽ 5 കിലോവരെ ജൈവമാലിന്യം ഉൽപാദിപ്പിക്കുന്ന വീടുകൾ/സ്ഥാപനങ്ങൾ എന്നിവക്കനുയോജ്യം. ഏകദേശ വില ഒരു യൂണിറ്റിന് 2500/- രൂപ



**6. പോർട്ടബിൾ ബയോ ബിൻ (വലുത്)**

പ്രതിദിനം 50 മുതൽ 70 കിലോ വരെ ജൈവമാലിന്യം ഉൽപാദിപ്പിക്കുന്ന സ്ഥാപനങ്ങൾക്കനുയോജ്യം. ഏകദേശവില ഒരു യൂണിറ്റിന് 50,000/- രൂപ മുതൽ



**7. എയറോബിക് കമ്പോസ്റ്റിംഗ് യൂണിറ്റ് (തുമ്പൂർമൂഴി മോഡൽ)**

പ്രതിദിനം 50-75 കിലോവരെ ജൈവമാലിന്യം ഉൽപാദിപ്പിക്കുന്ന സ്ഥാപനങ്ങൾക്ക് അനുയോജ്യം. ഏകദേശ വില ഒരു യൂണിറ്റിന് 42000/- രൂപ (സൈറ്റിന് ആനുപാതികമായ എസ്റ്റിമേറ്റിൻ പ്രകാരം നിരക്കിൽ വ്യത്യാസം വരുന്നതാണ്)



**8. പോർട്ടബിൾ ബയോഗ്യാസ് പ്ലാന്റ്**

പ്രതിദിനം രണ്ട് കിലോ മുതൽ 50 കിലോ വരെ ജൈവമാലിന്യം ഉത്പാദിപ്പിക്കുന്ന സ്ഥാപനങ്ങൾക്കനുയോജ്യം. സംഭരണ ശേഷിക്കനുസരിച്ച് പ്ലാന്റിന്റെ വലിപ്പത്തിൽ വ്യത്യാസം വരുന്നതാണ്.വില ചുവടെ കൊടുക്കുന്നു.

| ദിവസവും ഉത്പാദിപ്പിക്കപ്പെടുന്ന ജൈവമാലിന്യത്തിന്റെഅളവ് | സ്ഥാപിത ശേഷി | ഏകദേശ വില | മിക്സഡ് കൾച്ചർ ഫെഡ് ബാച്ച് ടൈപ്പ് ബയോഗ്യാസ് പ്ളാന്റ് - ഏകദേശ വില |
|---|---|---|---|
| 2.5 കിലോവരെ | 0.5 $m^3$ | 8000-10500 | 7000 |
| 2.5 - 5 കിലോവരെ | 0.75 $m^3$ | 10000-12000 | 8000 |
| 5 -7.5 കിലോവരെ | 1.00 $m^3$ | 12000-13500 | 9000 |



### 9. ബയോഗ്യാസ് പ്ലാന്റ് (ഫിക്സഡ് ടൈപ്പ്)

പ്രതിദിനം 50 കിലോയ്ക്ക് മുകളിൽ ജൈവമാലിന്യം ഉൽപാദിപ്പിക്കുന്ന സ്ഥാപനങ്ങൾക്ക് അനുയോജ്യം. ഏകദേശ വില ബയോഗ്യാസ് പ്ളാന്റിന്റെ സംഭരണ ശേഷിക്ക് ആനുപാതികമായ എസ്റ്റിമേറ്റിൻ പ്രകാരം

ഉറവിട ജൈവമാലിന്യ സംസ്കരണ സംവിധാനങ്ങൾ നേരിട്ട് സ്ഥാപിക്കുന്നതിന് സർക്കാർ അക്രഡിറ്റഡ് ഏജൻസികൾ, ശുചിത്വ മിഷൻ അംഗീകൃത സേവന ദാതാക്കൾ എന്നിവരെ ബന്ധപ്പെടാവുന്നതാണ്. വിശദവിവരങ്ങൾക്ക് www.sanitation.kerala.gov.in സന്ദർശിക്കുക.

## 7. ഗ്രീൻ പ്രോട്ടോക്കോൾ പൊതുനിർദ്ദേശങ്ങൾ

1. പ്ലാസ്റ്റിക്കിൽ നിർമ്മിതമായ ബാനറുകൾക്ക് പകരം തുണിയിലോ പേപ്പറിലോ വാഴയിലയിലോ ഓലയിലോ പ്രകൃതിക്കിണങ്ങുന്ന രീതിയിലുള്ള ബാനറുകൾ നിർമ്മിക്കാവുന്നതാണ്.
2. ഓഫീസുകളിൽ , പ്ലാസ്റ്റിക് ഡസ്റ്റ് ബിന്നുകൾക്ക് പകരം മുളയിലോ ഓലയിലോ തീർത്ത ബിന്നുകൾ സ്ഥാപിക്കുക
3. പൊതു പരിപാടികൾ സമ്മേളനങ്ങൾ എന്നിവയിൽ ലഘുഭക്ഷണങ്ങളായ് നാടൻ വിഭവങ്ങൾ (തെരളി, അട, കൊഴുക്കട്ട, രസഗുള, കപ്പ പുഴുക്ക് എന്നിവ) ഇലകളിൽ വിളമ്പുക.
4. മീറ്റിങ്ങുകൾക്കും പൊതുയോഗങ്ങൾക്കും കൃത്രിമ ശീതള പാനീയങ്ങൾക്ക് പകരം, കരിക്കിൻ വെള്ളം, നീര, നാടൻ മോര്, നാരങ്ങവെള്ളം തുടങ്ങിയ പാനീയങ്ങൾ കഴുകി ഉപയോഗിക്കാൻ കഴിയുന്ന പാത്രങ്ങളിൽ വിളമ്പുക. ഇവ ഉത്പാദിപ്പിക്കുന്ന സഹകരണ സംഘങ്ങൾ കേരളത്തിലെമ്പാടുമുണ്ട്.
5. പൊതു പരിപാടികൾ, വിവാഹങ്ങൾ എന്നിവയിൽ ആഹാരം വിളമ്പി നൽകുന്നതിന് പകരം ബുഫേ കൗണ്ടറുകൾ വഴി ആഹാരം നൽകുന്നത് ആഹാരം പാഴാക്കുന്നത് ഒഴിവാക്കാനാവും

6. പ്ലാസ്റ്റിക് പായകൾ, ചവിട്ടികൾ, വിരിപ്പുകൾ എന്നിവയ്ക്ക് പകരം ഈറ, മുള, കയർ എന്നിവയിൽ നിർമ്മിതമായ വസ്തുക്കൾ ഉപയോഗിക്കുന്നത് പ്ളാസ്റ്റിക്കിന്റെ ഉപഭോഗം കുറയ്ക്കുന്നതിന് സഹായിക്കുന്നതാണ്.
7. പ്ലാസ്റ്റിക് കുപ്പികളിലും പാത്രങ്ങളിലും വെള്ളവും ആഹാരസാധനങ്ങളും വീട്ടിലും റഫ്രിജറേറ്ററുകളിലും സൂക്ഷിക്കുന്നതിന് പകരം സ്റ്റീൽ/ചില്ല് പാത്രങ്ങളിൽ സൂക്ഷിക്കുക
8. വിവാഹങ്ങൾ, ആഘോഷങ്ങൾ എന്നിവയ്ക്ക് പ്ളാസ്റ്റിക് പൂക്കൾ കൊടിത്തോരണങ്ങൾ എന്നിവ ഉപയോഗിക്കുന്നതിന് പകരം ലളിതമായ പ്രകൃതി സൗഹൃദ അലങ്കാര വസ്തുക്കൾ ഉപയോഗിക്കുക
9. ആഡംബര വിവാഹങ്ങൾ പരമാവധി ഒഴിവാക്കേണ്ടതും പരമാവധി ലളിതമായ രീതിയിൽ ഇത്തരം ചടങ്ങുകൾ നടത്തി സമൂഹത്തിന് അതിലൂടെ നല്ല സന്ദേശം നൽകാവുന്നതുമാണ്.
10. കേടാകുന്ന ഇലക്ട്രോണിക്ക് ഗാർഹിക വസ്തുക്കൾ, തുണിത്തരങ്ങൾ തുടങ്ങിയവ പരമാവധി റിപ്പയർ ചെയ്ത് ഉപയോഗിക്കുന്നത് ഇത്തരം വസ്തുക്കൾ മൂലമുണ്ടാകുന്ന മാലിന്യകൂനകൾ രൂപ്പെടുന്നത് ഒഴിവാക്കാൻ സഹായിക്കും.




*ഹരിതവിവാഹം - സമ്മാനവിതരണ ഉത്ഘാടനം*

## 8. ഗ്രീൻ പ്രോട്ടോക്കോൾ വിലയിരുത്തൽ സൂചിക

എല്ലാ തരത്തിലും ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കുന്ന ഓഫീസുകളെ സമ്പൂർണ്ണ ഹരിത ഓഫീസുകളായ് പ്രഖ്യാപിക്കുന്നതിനുള്ള വിലയിരുത്തൽ സൂചിക ചുവടെ കൊടുക്കുന്നു. പ്രസ്തുത സൂചികകൾ 100 ശതമാനവും പാലിക്കപ്പെടുമ്പോൾ മാത്രമാണ് ഒരു ഓഫീസിനെ സമ്പൂർണ്ണ ഹരിത ഓഫീസായ് പ്രഖ്യാപിക്കുവാൻ കഴിയുക.

### സമ്പൂർണ്ണ ഹരിത ഓഫീസ് വിലയിരുത്തൽ സൂചികകൾ

**സൂചിക - 1**

**ജൈവമാലിന്യ സംസ്ക്കരണം**

↓ ജൈവമാലിന്യ ശേഖരണ ഉപാധികൾ ഓഫീസിൽ സ്ഥാപിച്ചിരിക്കേണ്ട താണ്

↓ ജൈവമാലിന്യ സംസ്ക്കരണ സംവിധാനങ്ങൾ ഉണ്ടായിരിക്കേണ്ട താണ്

↓ ജൈവവളം പൂന്തോട്ടനിർമ്മാണ ത്തിനോ ജൈവകൃഷി ക്കോ പ്രയോജന പ്പെടുത്തിയിരിക്കേ ണ്ടതാണ്

**സൂചിക - 2**

**അജൈവമാലിന്യ പരിപാലനം**

↓ അജൈവമാലിന്യ ശേഖരണ ഉപാധികൾ ഓഫീസിൽ സ്ഥാപിച്ചിരിക്കേണ്ട താണ്

↓ അജൈവമാലിന്യ സംഭരണ സംവിധാന ങ്ങൾ (MCF) ഉണ്ടായി രിക്കേണ്ടതാണ്

↓ പുനഃചംക്രമണത്തിന് കൈമാറുന്നതിന് സംവിധാനമുണ്ടായിരി ക്കേണ്ടതാണ്

**സൂചിക - 3**

**ഡിസ്പോസിബിൾ രഹിത ഓഫീസ്**

↓ ഡിസ്പോസിബിൾ വസ്തുക്കളുടെ ഉപ യോഗം കർശനമായി നിരോധിച്ചിരിക്കേണ്ട താണ്

↓ കഴുകി ഉപയോഗി ക്കുവാൻ കഴിയുന്ന പാത്രങ്ങൾ ഗ്ലാസ്സു കൾ എന്നിവ സജ്ജീ കരിച്ചിരിക്കേണ്ടതാണ്

↓ ജീവനക്കാർ കഴുകി ഉപയോഗിക്കാൻ കഴിയുന്ന പാത്രങ്ങൾ ഉപയോഗിക്കേണ്ട താണ്

## സൂചിക - 4

**ഇ-മാലിന്യ രഹിത ഓഫീസ്**

↓ ശേഖരണ-സംഭരണ സംവിധാനം ഉണ്ടായിരിക്കേണ്ടതാണ്

↓ അപകടകരമായ മാലിന്യങ്ങളുടെ പരിപാലനം നടത്തിയിരിക്കേണ്ടതാണ്

↓ പുനഃചംക്രമണത്തിന് കൈമാറുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിരിക്കേണ്ടതാണ്

## സൂചിക - 5

**ജലസൗഹൃദ ഓഫീസ്**

↓ ജലദുരുപയോഗം തടയുന്നതിന് നടപടികൾ സ്വീകരിച്ചിരിക്കേണ്ടതാണ്

↓ ജലപുനഃരുപയോഗ സംവിധാനങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്

↓ മഴവെള്ളസംഭരണ സംവിധാനങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്


## സൂചിക - 6

**വൈദ്യുതി സൗഹൃദ ഓഫീസ്**

↓ വൈദ്യുതി ദുരുപയോഗം തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചിരിക്കേണ്ടതാണ്

↓ വൈദ്യുതി ലാഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിയിരിക്കണം

↓ ഓരോ മാസത്തെയും വൈദ്യുതി ബില്ല് രേഖപ്പെടുത്തുന്നതിന് രജിസ്റ്റർ ഉണ്ടായിരിക്കേണ്ടതാണ്




സൂചികകൾ പ്രകാരം എല്ലാതരത്തിലും ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കുന്നതും, സമ്പൂർണ്ണ മാലിന്യ രഹിതമായതും പ്രകൃതി സൗഹൃദ അന്തരീക്ഷമുള്ളതും, പച്ചപ്പ് നിലിനിർത്തുന്നതുമായ ഓഫീസുകളെയാണ് സമ്പൂർണ്ണ ഹരിത ഓഫീസുകളായി പ്രഖ്യാപിക്കുക.

## 9. ഹരിത ഓഫീസ് പ്രഖ്യാപനം – സർട്ടിഫിക്കേഷൻ നടപടിക്രമങ്ങൾ

1. സൂചികകൾ പ്രകാരമുള്ള സംവിധാനങ്ങളും ക്രമീകരണങ്ങളും ഓഫീസുകളിൽ ഒരുക്കുന്നതിന് ആവശ്യമായ സാങ്കേതിക സഹായവും നിർദ്ദേശങ്ങളും ജില്ലാ ശുചിത്വ മിഷൻ, ജില്ലാ ഹരിതകേരളം മിഷൻ ഓഫീസുകളിൽ നിന്നും ലഭ്യമാണ്. പ്രസ്തുത സ്ഥാപനങ്ങളുടെ സഹായ സഹകരണത്തോടെ ഹരിത ഓഫീസ് കർമ്മ പദ്ധതി തയ്യാറാക്കുക. ഉറവിട മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഓഫീസുകളിൽ സ്ഥാപിക്കുന്നതിന് സർക്കാർ മാനദണ്ഡ പ്രകാരമുള്ള സബ്സിഡി അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്നതാണ്.
2. ഹരിത ഓഫീസ് കർമ്മ പദ്ധതി പ്രകാരം ഘട്ടംഘട്ടമായ് പ്രവർത്തനങ്ങൾ പൂർത്തീകരിക്കുക.
3. പ്രവർത്തനങ്ങളുടെ കൃത്യമായ ഡോക്യുമെന്റേഷൻ ചെയ്യുക (വീഡിയോ & ഫോട്ടോ)
4. പ്രവർത്തനങ്ങൾ പൂർത്തീകരിച്ചശേഷം ആയതിന്റെ ഡോക്യുമെന്റ് തയ്യാറാക്കി അപേക്ഷയും സഹിതം അതാത് ഓഫീസ് മേധാവികൾ ജില്ലാ ശുചിത്വ മിഷൻ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.
5. അതാത് തദ്ദേശ സ്വയംഭരണ സ്ഥാപന പ്രതിനിധിയും ജില്ലാ ശുചിത്വ മിഷന്റെയും അനുബന്ധ ഡിപ്പാർട്ടുമെന്റുകളുടേയും ഉദ്യോഗസ്ഥരടങ്ങുന്ന ഹരിത ഓഫീസ് വിലയിരുത്തൽ സമിതി ഡോക്യുമെന്റ് പരിശോധിച്ചശേഷം ഓഫീസ് സന്ദർശനം നടത്തി സൂചികകൾ പ്രകാരമുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ഹരിത ഓഫീസ് പ്രഖ്യാപനം നടത്തുന്നതും സർട്ടിഫിക്കറ്റ് നൽകുന്നതുമാണ്

### ഹരിത ഓഫീസ് അവാർഡ്

സംസ്ഥാനത്തെ ഏറ്റവും മികച്ച സമ്പൂർണ്ണ ഹരിത ഓഫീസിന് സംസ്ഥാന ശുചിത്വ മിഷന്റെയും ഹരിതകേരളം സംസ്ഥാനമിഷന്റെയും നേതൃത്വത്തിലും ജില്ലാതലത്തിലെ സമ്പൂർണ്ണ ഹരിത ഓഫീസിന് ജില്ലാ ശുചിത്വമിഷനുകളുടെയും ജില്ലാതല ഹരിതകേരളം മിഷനുകളുടെയും നേതൃത്വത്തിലും വർഷാവസാനം അവാർഡുകൾ നൽകുന്നതാണ്.

**“ഹരിത ഓഫീസുകൾ ഹരിത കേരളത്തിന്റെ കവാടങ്ങളാകട്ടെ”**

**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ഗവണ്മെന്റ് സെക്രട്ടറിയേറ്റ്, പബ്ലിക് ഓഫീസ്, വികാസ് ഭവൻ, സ്വരാജ് ഭവൻ, എല്ലാ വകുപ്പുകളുടെയും ഡയറക്ടറേറ്റ്/കമ്മീഷണറേറ്റ്, ജില്ലാകളക്ടറേറ്റുകൾ എന്നിവിടങ്ങളിൽ നടത്തപ്പെടുന്ന എല്ലാത്തരം ചടങ്ങുകളിലും ഗ്രീൻ പ്രോട്ടോക്കോൾ ബാധകമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഡി.സി) വകുപ്പ്**

സ.ഉ.(സാധാ) നം.3214/2017/തസ്വഭവ തിരുവനന്തപുരം, തീയതി : 05.10.2017

---

പരാമർശം :- 1) 15.07.2017 ലെ സ.ഉ (സാധാ) നം 2420/2017/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്

2) 05.08.2017 ലെ ഹരിതകേരളം മിഷൻ ശുചിത്വ - മാലിന്യ സംസ്കരണം ഉപമിഷന്റെ സംസ്ഥാനതല കർമ്മസേനയുടെ യോഗ തീരുമാനം

3) ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 09.08.2017 ലെ 2152/C1/2016/SM നമ്പർ കത്ത്

**ഉത്തരവ്**

ജൈവ മാലിന്യങ്ങളുടെ ഉറവിടത്തിൽ തന്നെയുള്ള സംസ്കരണം പ്രോത്സാഹിപ്പിക്കുക, അജൈവ മാലിന്യങ്ങൾ തരംതിരിച്ച് ശേഖരിച്ചു ശാസ്ത്രീയമായ രീതിയിലുള്ള സംസ്കരണം ഉറപ്പാക്കുക, മാലിന്യത്തിന്റെ ഉല്പാദനത്തിൽ കുറവ് വരുത്തുന്നതയിലേക്കായി അജൈവ വസ്തുക്കളുടെ ഉപയോഗം കുറയ്ക്കുക(Reduce), പുനരുപയോഗം (Reuse) വർധിപ്പിക്കുക, പുനഃചംക്രമണം (Recycle) പ്രോത്സാഹിപ്പിക്കുക എന്നിവ ജനജീവിതത്തിന്റെ ഭാഗമാക്കി മാറ്റുക എന്നിങ്ങനെയുള്ള ഉദ്ദേശ ലക്ഷ്യങ്ങൾ സാധ്യമാക്കുന്നതിനു ഹരിതകേരളം മിഷനുമായി ബന്ധപ്പെട്ട ശുചിത്വ - മാലിന്യ സംസ്കരണ ഉപമിഷൻ നിർവ്വഹണ മാർഗ്ഗ നിർദേശങ്ങൾ പരാമർശം 1 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

2. സംസ്ഥാനത്തിലെ എല്ലാ സർക്കാർ അർദ്ധ സർക്കാർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ജൈവ മാലിന്യം കമ്പോസ്റ്റിംഗ് / ബയോഗ്യാസ് സാങ്കേതിക രീതി പ്രയോജനപ്പെടുത്തി ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനും അജൈവ മാലിന്യങ്ങൾ തരംതിരിച്ച് സൂക്ഷിച്ച് പുനഃചംക്രമണത്തിനായി പാഴ് വസ്തു വ്യാപാരികൾക്കോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏർപ്പെടുത്തിയ സംവിധാനത്തിനോ ഏൽപ്പിക്കുന്നതിനും അതാതു സ്ഥാപനങ്ങളിൽ ഗ്രീൻ പ്രോട്ടോകോൾ പാലിക്കുന്നതിനും വേണ്ട പൊതു നിർദേശം പുറപ്പെടുവിക്കുന്നതിനു മുന്നോടിയായി, മാതൃക പ്രവർത്തനങ്ങൾ ഗവണ്മെന്റ് സെക്രട്ടറിയേറ്റ്,പബ്ലിക് ഓഫീസ്, വികാസ് ഭവൻ, സ്വരാജ് ഭവൻ, എല്ലാ വകുപ്പുകളുടെയും ഡയറക്ടറേറ്റ്/കമ്മീഷണറേറ്റ്, ജില്ലാകളക്ടറേറ്റുകൾ എന്നിവിടങ്ങളിൽ ഏർപ്പെടുത്തുന്നതിന് പരാമർശം 2 പ്രകാരം തീരുമാനിച്ചിട്ടുണ്ട് എന്നും ആയതിനാൽ ഇത്തരം സ്ഥാപനങ്ങളിൽ ഓഫീസിന്റെ ദൈനം ദിന പ്രവർത്തനത്തിന്റെ ഭാഗമാകുന്ന

എല്ലാത്തരം ചടങ്ങുകളിലും ഡിസ്പോസിബിൾ വസ്തുക്കൾ ഒഴിവാക്കി പുനരുപയോഗിക്കാൻ കഴിയുന്നതും പുനഃചംക്രമണത്തിനു വിധേയമാക്കുവാൻ കഴിയുന്നതുമായ വസ്തുക്കൾ മാത്രം ഉപയോഗിക്കണം എന്നും നിർദേശിച്ച് ഉത്തരവ് പുറപ്പെടുവിക്കണമെന്നും പരാമർശം 3 പ്രകാരം ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ആവശ്യപ്പെടുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഗവൺമെന്റ് സെക്രട്ടറിയേറ്റ്, പബ്ലിക് ഓഫീസ്, വികാസ് ഭവൻ, സ്വരാജ് ഭവൻ, എല്ലാ വകുപ്പുകളുടെയും ഡയറക്ടറേറ്റ്/കമ്മീഷണറേറ്റ്, ജില്ലാകളക്ടറേറ്റുകൾ എന്നിവിടങ്ങളിൽ സർക്കാർ ഓഫീസുകളുടെ ദൈനം ദിന പ്രവർത്തനത്തിന്റെ ഭാഗമായും അല്ലാതെയും നടക്കുന്ന എല്ലാത്തരം ചടങ്ങുകളിലും ഡിസ്പോസിബിൾ വസ്തുക്കൾ ഒഴിവാക്കി പുനരുപയോഗിക്കാൻ കഴിയുന്നതും പുനഃചംക്രമണത്തിനു വിധേയമാക്കുവാൻ കഴിയുന്നതുമായ വസ്തുക്കൾ മാത്രം ഉപയോഗിച്ച് നടപ്പിലാക്കുന്ന തരത്തിൽ ഗ്രീൻ പ്രോട്ടോക്കോൾ ബാധകമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇതിന്റെ മേൽനോട്ടത്തിനായി ഓരോ ഓഫിസിലും ഒരു നോഡൽ ഓഫീസറെ ചുമതലപ്പെടുത്തേണ്ടതും, ഓഫീസ് തല കമ്മിറ്റികൾ രൂപീകരിച്ച് പ്രസ്തുത പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തേണ്ടതും, പ്രതിമാസ പുരോഗതി റിപ്പോർട്ടുകൾ തദ്ദേശ സ്വയംഭരണ വകുപ്പിനും, ഹരിതകേരളം മിഷനും ലഭ്യമാക്കേണ്ടതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**സീന്ധു എൽ**

**ഗവ.സ്പെഷ്യൽ സെക്രട്ടറി**

എല്ലാ ജില്ലാ കളക്ടർമാർക്കും

എല്ലാ വകുപ്പ് മേധാവികൾക്കും

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം

വൈസ് ചെയർപേഴ്സൺ, ഹരിതകേരളം മിഷൻ, തിരുവനന്തപുരം

പൊതുഭരണ (ഹൗസ് കീപ്പിങ് വകുപ്പ്)

പൊതുഭരണ (പൊളിറ്റിക്കൽ വകുപ്പ്)

പൊതുഭരണ (കോർഡിനേഷൻ വകുപ്പ്)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ

കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

നം. സി2/274/2017/ഐ & പി ആർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്(സി) വകുപ്പ്
തിരുവനന്തപുരം, തീയതി 16/12/2017

## സർക്കുലർ

വിഷയം:- ഐ & പി ആർ വകുപ്പ് – സർക്കാർ പരിപാടികളുടെ പരസ്യത്തിനായി ഫ്ലക്സ് ബോർഡുകളുടെ അനിയന്ത്രിത ഉപയോഗം ഒഴിവാക്കുന്നത് - സംബന്ധിച്ച്

സംസ്ഥാനസർക്കാരിന്റെ വിവിധ പരിപാടികളുടെ പ്രചാരണത്തിനായി/പരസ്യത്തിനായി ഫ്ലക്സ് ബോർഡുകൾ ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സർക്കാർ പരിപാടി സംഘടിപ്പിക്കുന്ന ബന്ധപ്പെട്ട വകുപ്പുകളും സർക്കാർ/അർദ്ധസർക്കാർ സ്ഥാപനങ്ങളും പരിപാടികളുടെ പരസ്യത്തിനായി ഫ്ലക്സ് ബോർഡുകൾ അനിയന്ത്രിതമായി ഉപയോഗിക്കുന്നത് ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും ആയത് ഫലപ്രദമായി നടപ്പിലാക്കുന്നതിന് ജാഗ്രത പുലർത്തേണ്ടതുമാണെന്ന് നിർദേശിക്കുന്നു.

**ഡോ. കെ. എം. എബ്രഹാം**
**ചീഫ് സെക്രട്ടറി**

സെക്രട്ടറിയേറ്റിലെ എല്ലാ വകുപ്പുകൾക്കും
എല്ലാ മേഖലാ ഡെപ്യൂട്ടി ഡയറക്ടർക്കും ,ജില്ലാ ഇൻഫർമേഷൻ ഓഫീസർമാർക്കും
ഡയറക്ടറേറ്റിലെ എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും ഇൻഫർമേഷൻ ഓഫീസർമാർക്കും
ഇൻഫർമേഷൻ ഓഫീസർ,വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിക്കിട്ടിയ പൊതു സ്ഥാപനങ്ങളിൽ മാലിന്യ സംസ്കരണ സംവിധാനം ഒരുക്കുന്നതിനുള്ള പദ്ധതികൾക്ക് 100 ശതമാനം സബ്സിഡി നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയം ഭരണ (ഡി.സി) വകുപ്പ്**

സ.ഉ.(സാധാ) നം.3687/2017/തസ്വഭവ   തിരുവനന്തപുരം, തീയതി 15.11.2017

പരാമർശം :- 1.) 03.04.2017 ലെ സ.ഉ ( എം എസ്) നമ്പർ 80/2017/തസ്വഭവ
2) 03.10.2017 ൽ നടന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനം നമ്പർ 3.5

**ഉത്തരവ്**

പരാമർശം 1 പ്രകാരം ഉത്തരവായിട്ടുള്ള സബ്സിഡി മാർഗ്ഗനിർദേശങ്ങൾ പ്രകാരം സ്കൂളുകൾ, ആശുപത്രികൾ, ഹോസ്റ്റലുകൾ തുടങ്ങിയ സ്ഥാപനങ്ങളിൽ മാലിന്യ സംസ്കരണ സംവിധാനം ഒരുക്കുന്നതിന് 50 ശതമാനമാണ് സബ്സിഡിയായി നല്കാവുന്നത്. പരാമർശം 2 ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപങ്ങൾക്ക് കൈമാറിക്കിട്ടിയ ഇത്തരം പൊതു സ്ഥാപനങ്ങളിൽ മാലിന്യ സംസ്കരണ സംവിധാനം ഒരുക്കുന്നതിന് 100 ശതമാനം സബ്സിഡി നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇത്തരം സംവിധാനങ്ങൾ ഒരുക്കുന്നതിന് ശുചിത്വ മിഷന്റെ ധനസഹായം ലഭിക്കാവുന്ന അവസരങ്ങളിൽ ആയത് ഉറപ്പാക്കേണ്ടതും ശുചിത്വ മിഷന്റെ സ്പെസിഫിക്കേഷൻ അനുസരിച്ച് മാലിന്യ സംസ്കരണ സംവിധാനം ഒരുക്കേണ്ടതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)
സിന്ധു എൽ
ഗവ സ്പെഷ്യൽ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും ( പഞ്ചായത്ത് ഡയറക്ടർ മുഖേന )
എല്ലാ നഗരസഭകൾക്കും ( നഗരകാര്യ ഡയറക്ടർ മുഖേന )
എല്ലാ കോർപറേഷനുകൾക്കും ( നഗരകാര്യ ഡയറക്ടർ മുഖേന )
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ,തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ/ ഓഫീസ് കോപ്പി
തദ്ദേശ സ്വയം ഭരണ (DA) വകുപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - തദ്ദേശ സ്വയംഭരണ സ്ഥാപങ്ങൾക്ക് കൈമാറിക്കിട്ടിയ പൊതു സ്ഥാപനങ്ങളിൽ മാലിന്യ സംസ്കരണ സംവിധാനം ഒരുക്കുന്നതിനുള്ള പദ്ധതികൾക്ക് **100** ശതമാനം സബ്സിഡി നൽകുന്നത് എയിഡഡ് സ്കൂളുകൾക്കും ബാധകമാക്കി ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയം ഭരണ (ഡി.സി) വകുപ്പ്**

സ.ഉ.(സാധാ) നം.16/2018/തസ്വഭവ | തിരുവനന്തപുരം, തീയതി 03.01.2018

പരാമർശം :- 1.) 15.11..2017 ലെ സ.ഉ ( സാധാ) നമ്പർ 3687/2017/തസ്വഭവ

**ഉത്തരവ്**

സ്കൂളുകൾ, ആശുപത്രികൾ, ഹോസ്റ്റലുകൾ തുടങ്ങിയ തദ്ദേശ സ്വയംഭരണ സ്ഥാപങ്ങൾക്ക് കൈമാറിക്കിട്ടിയ പൊതു സ്ഥാപനങ്ങളിൽ മാലിന്യ സംസ്കരണ സംവിധാനം ഒരുക്കുന്നതിന് 100 ശതമാനം സബ്സിഡി നൽകുന്നതിന് അനുമതി നൽകിയും ഇത്തരം സംവിധാനങ്ങൾ ഒരുക്കുന്നതിന് ശുചിത്വ മിഷന്റെ ധനസഹായം ലഭിക്കാവുന്ന അവസരങ്ങളിൽ ആയത് ഉറപ്പാക്കേണ്ടതും ശുചിത്വ മിഷന്റെ സ്പെസിഫിക്കേഷൻ അനുസരിച്ച് മാലിന്യ സംസ്കരണ സംവിധാനം ഒരുക്കേണ്ടതുമാണ് എന്ന് നിർദേശം നൽകിയും പരാമർശം 1 പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവ് എയിഡഡ് സ്കൂളുകൾക്കും ബാധകമാക്കി ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

2. പരാമർശത്തിലെ ഉത്തരവ് മേൽ പറഞ്ഞ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**സിന്ധു എൽ**

**ഗവ.സ്പെഷ്യൽ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും ( പഞ്ചായത്ത് ഡയറക്ടർ മുഖേന )

എല്ലാ നഗരസഭകൾക്കും ( നഗരകാര്യ ഡയറക്ടർ മുഖേന )

എല്ലാ കോർപറേഷനുകൾക്കും ( നഗരകാര്യ ഡയറക്ടർ മുഖേന )

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ

കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - സംസ്ഥാനത്ത് ഹരിത കേരളം മിഷന് കീഴിൽ ശുചിത്വ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി സമ്പൂർണ്ണ ശുചിത്വം ഉറപ്പാക്കുന്നതിന് വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും കീഴിലായി പൊതുജനങ്ങളുമായി നേരിട്ട് ബന്ധപ്പെടുന്ന എല്ലാ ഓഫീസുകളിലൂടെയും പൗരന്മാരുടെ ഉത്തരവാദിത്വം ബോധ്യപ്പെടുത്തുന്ന ശുചിത്വ സന്ദേശങ്ങൾ നല്കുന്നത് സംബന്ധിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഡി.സി) വകുപ്പ്**

സ.ഉ.(സാധാ)നം.3755/2017/തസ്വഭവ തിരുവനന്തപുരം, തീയതി 23.11.2017

---

പരാമർശം :- 1 11.05.2017-ൽ നടന്ന ഹരിത കേരളം മിഷന്റെ ഉപദൗത്യമായ ശുചിത്വ മാലിന്യ സംസ്കരണ പദ്ധതിയുടെ സംസ്ഥാനതല കർമ്മസേന യോഗത്തിന്റെ തീരുമാനം

2.. ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 16.09.2017 ലെ 2152/C1/2016/SM നമ്പർ കത്ത്

<u>**ഉത്തരവ്**</u>

സംസ്ഥാനത്ത് ഹരിത കേരളം മിഷന്റെ ശുചിത്വ മാലിന്യ സംസ്കരണപ്രവർത്തനങ്ങളുടെ ഭാഗമായി സമ്പൂർണ്ണ ശുചിത്വം ഉറപ്പാക്കുന്നതിന് സംസ്ഥാനത്ത് വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും കീഴിലായി പൊതുജനങ്ങളുമായി നേരിട്ട് ബന്ധപ്പെടുന്ന എല്ലാ ഓഫീസുകളിലൂടെയും പൗരന്മാരുടെ ഉത്തരവാദിത്വം ബോധ്യപ്പെടുത്തുന്ന ശുചിത്വ സന്ദേശങ്ങൾ പ്രചരിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുവാൻ പരാമർശം (1)പ്രകാരം തീരുമാനിച്ചിട്ടുണ്ട്.

2. സംസ്ഥാനത്തെ വിവിധ സർക്കാർ വകുപ്പുകളും ഏജൻസികളും ഉപയോഗിക്കുന്ന വിവിധതരം ഫോറങ്ങൾ, അപേക്ഷകൾ, ബില്ലുകൾ, ടിക്കറ്റുകൾ, തുടങ്ങിയവയിലും സർക്കാർ വകുപ്പുകൾ, സർക്കാർ സ്ഥാപനങ്ങൾ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഉപയോഗിക്കുന്ന ഔദ്യോഗിക രേഖകളിലും മാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട പൗരന്മാരുടെ ഉത്തരവാദിത്വം ബോധ്യപ്പെടുത്തുന്ന സന്ദേശങ്ങൾ രേഖപ്പെടുത്തി അച്ചടിച്ച് പ്രചരിപ്പിക്കുന്നത് പൊതുജനങ്ങളിൽ ശുചിത്വഅവബോധം വളർത്തുന്നതിന് വളരെ സഹായകരമായിരിക്കും എന്നതിനാൽ ഇത്തരം സന്ദേശങ്ങൾ അച്ചടിക്കുന്നതിന് വേണ്ട നിർദ്ദേശം വകുപ്പ് തലവൻമാർക്ക് നൽകുന്നതോടൊപ്പം അച്ചടി വകുപ്പ് മുഖേന പ്രിന്റ് ചെയ്യപ്പെടുന്ന സർക്കാർ രസീത് / നോട്ടീസുകളിൽ ശുചിത്വ സന്ദേശം കൂടി ഉൾപ്പെടുത്തി അച്ചടിക്കുന്നതിനുള്ള നിർദ്ദേശം അച്ചടി വകുപ്പിനും നൽകാവുന്നതാണെന്ന് പരാമർശം 2 പ്രകാരം ശുചിത്വ മിഷൻ

എക്സിക്യൂട്ടീവ് ഡയറക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്. ശുചിത്വ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി വിവിധ വകുപ്പുകൾ മുഖേന നൽകാവുന്ന സന്ദേശങ്ങളും ഓരോ വകുപ്പുകളും ഇതിനായി സ്വീകരിക്കേണ്ടുന്ന മാർഗ്ഗങ്ങളും ചുവടെ ചേർക്കുന്നു.

ശുചിത്വ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി വിവിധ വകുപ്പുകൾ മുഖേന നൽകാവുന്ന സന്ദേശങ്ങൾ

1. എന്റെ മാലിന്യം എന്റെ ഉത്തരവാദിത്വം.
2. അഴുകുന്ന മാലിന്യങ്ങൾ സ്വന്തം ഉത്തരവാദിത്വത്തിൽ കമ്പോസ്റ്റ്/ബയോഗ്യാസ് ആക്കിമാറ്റുക.
3. കമ്പോസ്റ്റുപയോഗിച്ച് ജൈവപച്ചക്കറി കൃഷിചെയ്യുക.
4. അഴുകാത്ത മാലിന്യം ബന്ധപ്പെട്ട വ്യാപാരികൾക്ക്/തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് കൈമാറുക.
5. ഡിസ്പോസിബിൾ ഗ്ലാസ് /കപ്പ് /പ്ലേറ്റ് എന്നിവ ഒഴിവാക്കുക, സ്റ്റീൽ/ഗ്ലാസ്/സിറാമിക് കപ്പുകളും പ്ലേറ്റുകളും ഉപയോഗിക്കുക.
6. പ്ലാസ്റ്റിക് കിറ്റു വേണ്ട. തുണി സഞ്ചി മതി.
7. പ്ലാസ്റ്റിക് കത്തിക്കുന്നത് ക്യാൻസറടക്കമുള്ള മാരകരോഗങ്ങൾക്ക് കാരണമാകും.

ശുചിത്വ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള സന്ദേശങ്ങൾ പൊതുജനങ്ങളിൽ എത്തിക്കുന്നതിന് വിവിധ വകുപ്പുകൾക്ക് സ്വീകരിക്കാവുന്ന മാർഗ്ഗങ്ങൾ

| ക്രമ നമ്പർ | വകുപ്പ് | സന്ദേശങ്ങൾ പ്രചരിപ്പിക്കുന്നതിന് സ്വീകരിക്കാവുന്ന മാർഗ്ഗങ്ങൾ |
|---|---|---|
| 1 | റവന്യൂ | ജില്ലാകളക്ടറേറ്റ്മുതൽവില്ലേജ്ഓഫീസുവരെ ഉപയോഗിക്കുന്ന എല്ലാരസീതുകളിലും, നോട്ടീസുകളിലും. |
| 2 | ആരോഗ്യം | എല്ലാതലത്തിലുമുള്ള ആശുപത്രികളിലെ ഒ.പി. ടിക്കറ്റുകൾ, മരുന്ന് കുറിപ്പുകൾ. |
| 3 | തദ്ദേശ സ്വയം ഭരണം. | ഗ്രാമപഞ്ചായത്ത്/നഗരസഭ/മുനിസിപ്പൽ കോർപ്പറേഷൻ/ ടൗൺ പ്ലാനിംഗ് ഓഫീസ്- രസീതുകളിലും, നോട്ടീസുകളിലും, മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയുടെ തൊഴിൽ കാർഡുകളിലും |
| 4 | ഊർജ്ജം | കെ.എസ്.ഇ.ബി ബില്ല്, രസീത് (ഇ-രസീതിലടക്കം). |
| 5 | ജലവിഭവം | എല്ലാഫോറങ്ങൾ, ബില്ലുകൾ, രസീതുകൾ, (വാട്ടർ അതോറിട്ടിയിലേതടക്കം) |
| 6 | ഗതാഗതം | എല്ലാറോഡ്, വാട്ടർ ട്രാൻസ്പോർട്ട് ടിക്കറ്റുകളിലും (സ്വകാര്യ ബസുകളിലടക്കം). |

| | | |
|---|---|---|
| 7 | മോട്ടോർവാഹനം | എല്ലാ ബില്ലുകൾ, രസീതുകൾ, ഫോറങ്ങൾ എല്ലാസ്വകാര്യബസ്, ടാക്സി ഓട്ടോകളിലും (യാത്രാക്കാരൻ ശ്രദ്ധിക്കുംവിധം.) |
| 8 | കൃഷി | എല്ലാ നോട്ടീസുകളിലും, രസീതുകളിലും. |
| 9 | വിനോദസഞ്ചാരം | എല്ലാ ടിക്കറ്റുകളിലും, വാഹനങ്ങളുടെ ഉള്ളിലും. |
| 10 | കല, സാംസ്കാരികം | എല്ലാ ടിക്കറ്റുകളിലും (സിനിമ ടിക്കറ്റുകൾ ഉൾപ്പടെ) |
| 11 | വ്യവസായം | എല്ലാ നോട്ടീസ്, ബിൽ, രസിത്, ഫോറങ്ങളിലും |
| 12 | ഫിഷറീസ് | എല്ലാ നോട്ടീസ്, രസീത് (ഫിഷറീസ് സംഘങ്ങൾ ഉൾപ്പടെ). |
| 13 | സഹകരണം | എല്ലാ സഹകരണസംഘം/ബാങ്കുകളിലെയും നോട്ടീസ്/ബിൽ/ രസീതുകളിൽ. |
| 14 | തൊഴിൽ | എല്ലാ നോട്ടീസുകളിലും ബില്ലുകളിലും(ക്ഷേമനിധികൾ, ഇൻഷുറൻസ് അടക്കം) |
| 15 | പോലീസ് | എല്ലാ നോട്ടീസുകളിലും, രസീതുകളിലും. |
| 16 | കയർ | എല്ലാ നോട്ടീസ്/രസീത്/കാർഡുകളിലും (സംഘങ്ങൾ,ക്ഷേമനിധികളടക്കം). |
| 17 | കൈത്തറി | |
| 18 | കശുവണ്ടി | |
| 19 | വാണിജ്യനികുതി | എല്ലാ ഫോറങ്ങൾ, നോട്ടീസ്, ബില്ല്, രസീത് (ഇ-രേഖകളിലടക്കം). |
| 20 | പൊതുമരാമത്ത് | എല്ലാ ടെണ്ടർ രേഖകളിലും ഫോറങ്ങളിലും. |
| 21 | മൃഗസംരക്ഷണം | എല്ലാ നോട്ടീസ്/ കാർഡ്/രസീതുകളിലും, ഒ.പി. ടിക്കറ്റുകളിലും. |
| 22 | പബ്ലിക് റിലേഷൻസ് | എല്ലാ പ്രസിദ്ധീകരണങ്ങളിലും |
| 23 | സാമൂഹ്യനീതി | എല്ലാ നോട്ടീസുകളിലും, കാർഡുകളിലും |
| 24 | വനം | ടിക്കറ്റുകൾ, കിയോസ്കുകൾ - ഡിജിറ്റൽ ഡിസ് പ്ലെ |
| 25 | സിവിൽ സപ്ലൈസ് | റേഷൻ കാർഡ്, ബില്ലുകൾ (നീതി, മാവേലി, ത്രിവേണിസ്റ്റോറുകളടക്കം) |
| 26 | മ്യൂസിയം, മൃഗശാല | ടിക്കറ്റുകൾ, ഡിസ് പ്ലെ ബോർഡുകൾ |

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാനത്ത് ഹരിത കേരളം മിഷന് കീഴിൽ ശുചിത്വ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി സമ്പൂർണ്ണ ശുചിത്വം ഉറപ്പാക്കുന്നതിൽ പൗരന്മാരുടെ ഉത്തരവാദിത്വം ബോധ്യപ്പെടുത്തുന്നതിനായി മുകളിൽ പരാമർശിച്ചിരിക്കുന്ന സന്ദേശങ്ങൾ പ്രസ്തുത മാർഗ്ഗങ്ങൾ മുഖേന പ്രചരിപ്പിക്കുന്നതിന് അതാതു വകുപ്പുകൾ നടപടി സ്വീകരിക്കണമെന്ന് ഉത്തരവാകുന്നു. അച്ചടി വകുപ്പ് മുഖേന പ്രിന്റ് ചെയ്യപ്പെടുന്ന സർക്കാർ രസീത്/നോട്ടീസുകളിൽ മേൽ പരാമർശിച്ചിരിക്കുന്ന ശുചിത്വ സന്ദേശങ്ങൾ കൂടി ഉൾപ്പെടുത്തി അച്ചടിക്കേണ്ടതാണ് എന്നും ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**സിന്ധു എൽ**

**ഗവ. സ്പെഷ്യൽ സെക്രട്ടറി**

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ തിരുവനന്തപുരം
എല്ലാ വകുപ്പ് മേധാവികൾക്കും (ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ മുഖേന )
ഡയറക്ടർ, അച്ചടി വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്-

തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ് -ന്
തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശ സ്വയം ഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശ സ്വയം ഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി എ യ്ക്ക്

നം. എം(4)/80575/2016/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം
തീയതി : 18.11.2016

## സർക്കുലർ

വിഷയം :- "പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം" നടപ്പിലാക്കുന്നതിന്റെ ഭാഗമായി പൊതുവിദ്യാഭ്യാസ വകുപ്പിന്റെ എല്ലാ മേഖലയിലും പ്ലാസ്റ്റിക് ബഹിഷ്കരണം ഏർപ്പെടുത്തുന്നതിനുള്ള നിർദേശം - സംബന്ധിച്ച്.

സൂചന :- സ.ഉ(പി) നമ്പർ. 186/2016/പൊ.വി.വ തീയതി: 7.11.2016.

സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച നവകേരള ദൗത്യത്തിന്റെ ഭാഗമായി പൊതുവിദ്യാഭ്യാസ വകുപ്പിൽ "പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം" പദ്ധതി മിഷൻ മാതൃകയിൽ നടപ്പിൽ വരുത്തുന്നതിനുള്ള രൂപരേഖ അംഗീകരിച്ച് സൂചനപ്രകാരം ഉത്തരവുണ്ടായി. മേൽ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരത്ത് മാർ ഇവാനിയോസ് കോളേജിലെ ഗിരിദീപം ആഡിറ്റോറിയത്തിൽ വച്ച് ബഹു. സംസ്ഥാന ഗവർണർ നവംബർ മാസം 10ന് നിർവ്വഹിച്ചു.

സംസ്ഥാന സർക്കാരിന്റെ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയിൽ ഗ്രീൻ പ്രോട്ടോകോൾ പാലിക്കേണ്ടതാണ് എന്ന് തീരുമാനം എടുത്തിട്ടുണ്ട്. അതിന്റെ ഭാഗമായി സംസ്ഥാനത്ത് ഇനി മുതൽ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള എല്ലാ സ്ഥാപനങ്ങളും നടപ്പിലാക്കുന്ന എല്ലാ പദ്ധതികളിലും, പരിപാടികളിലും ഗ്രീൻപ്രോട്ടോകോൾ പാലിക്കേണ്ടതാണ്. ആയതിന് താഴെപറയുന്ന നിർദേശങ്ങൾ പാലിക്കുന്നുണ്ട് എന്ന് ബന്ധപ്പെട്ട മേധാവികൾ ഉറപ്പാക്കേണ്ടതാണ്.

1) പ്ലാസ്റ്റിക് ഉപയോഗിച്ചുള്ള ബാനർ, കൊടിതോരണങ്ങൾ എന്നിവ ഒഴിവാക്കേണ്ടതാണ്.
2) യോഗങ്ങളിൽ കുടിവെള്ളം നൽകുന്നതിലേയ്ക്ക് പ്ലാസ്റ്റിക് ഗ്ലാസ്സ് ഉപയോഗിക്കാൻ പാടില്ല. സ്റ്റീൽ ഗ്ലാസോ, ചില്ല് ഗ്ലാസോ മാത്രം ഉപയോഗിക്കുക.
3) പൊതു വേദിയിൽ അതിഥികൾക്ക് ഭക്ഷണപദാർത്ഥങ്ങൾ വിതരണം ചെയ്യാൻ പാടില്ല.
4) അതിഥികളെ സ്വീകരിക്കുമ്പോഴും സ്വാഗതം ആശംസിക്കുമ്പോഴും നൽകുന്ന ബൊക്കെകൾ പ്ലാസ്റ്റിക് ഷീറ്റുകൊണ്ട് പൊതിഞ്ഞവയാകരുത്. അതിഥികൾക്ക്

ഒരു പൂവോ അല്ലെങ്കിൽ ചെറിയ പുസ്തകങ്ങളോ നൽകി ചെലവ് ചുരു ക്കാവുന്നതാണ്.

5) കുട്ടി കളെ അണിനിരത്തി അതിഥികളെ സ്വീകരിക്കാൻ പാടില്ല.

6) പാന സൽക്കാരങ്ങൾ നടത്തുമ്പോൾ പ്ലാസ്റ്റിക് ഗ്ലാസിനു പകരം വിപണിയിലുള്ള പേപ്പ ർ ഗ്ലാസ് ഉപയോഗിച്ചാൽ പ്ലാസ്റ്റിക് മുക്തമാകില്ല. അവയും പ്ലാസ്റ്റിക് ആവ രണത്തോടുകൂടിയാണ് പുറത്തിറങ്ങുന്നത്. ആയതിനാൽ സ്റ്റീൽഗ്ലാസ് ഉപ യാഗിക്കുന്നതാകും ഉചിതം.

ഈ വിധത്തിൽ നാം തന്നെ നമ്മുടെ കുട്ടികളെ പ്രകൃതിക്ക് ഇണങ്ങി ജീവിക്കാൻ ശീലിപ്പിച്ചാൽ അത് ഒരു സാമൂഹിക മാറ്റത്തിന് വഴിതുറക്കുകയും, വീണ്ടും ഉപയോഗിക്കാൻ കഴിയാത്ത പ്ലാസ്റ്റിക് ഉത്പന്നങ്ങൾ സ്വയമേവ വിപണിയിൽ നിന്നു അപ്രത്യക്ഷ മാവുകയും ചെയ്യും. നമ്മുടെ കുട്ടികൾ സ്കൂളിൽ നിന്നും ഇത്തരം മാതൃകകൾ ശീലിച്ചാൽ വീടുകളിൽ അത്തരം ഉത്പന്നങ്ങൾ നിർബന്ധപൂർവ്വം ഒഴിവാക്കാൻ അവർ രക്ഷാകർത്താക്കളെ പ്രേരിപ്പിക്കും. അങ്ങനെ പ്ലാസ്റ്റിക് വിരുദ്ധ സമൂഹത്തെ സ്കൂളുകളിൽ നിന്ന് വീടുകളിലേക്കും, വീടുകളിൽ നിന്ന് സമൂഹത്തിലേക്കും വ്യാപിപ്പിച്ച് ഗ്രീൻപ്രോട്ടോകോൾ കൂടുതൽ ഫലപ്രദമായി നടപ്പാക്കാം

(പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഉത്തരവിൻ പ്രകാരം)

ജെസ്സി ജോസഫ്
പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ
(ജനറൽ)

സ്വീകർത്താക്കൾ,

1. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐടിഅസ്കൂൾ, തിരുവനന്തപുരം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
2. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
3. എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
4. എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
5. എല്ലാ ഡയറ്റ് പ്രിൻസിപ്പൽമാർക്കും
6. ടെക്സ്റ്റ് ബുക്ക് ഓഫീസർ, തിരുവനന്തപുരം
7. സെക്രട്ടറി, പരീക്ഷാഭവൻ, പൂജപ്പുര
8. എല്ലാ വിദ്യാഭ്യാസ സ്ഥാപനമേധാവികൾക്കും (ബന്ധപ്പെട്ട ഡി.ഇ.ഒ/എ.ഇ.ഒ മാർ മുഖാന്തിരം)

## ഫോട്ടോകളിലൂടെ...

## ദേശീയ ഗെയിംസ് 2015








## ഹരിത ആറ്റുകാൽ പൊങ്കാല




## ഹരിത സ്കൂൾ കലോത്സവം




## ഹരിത വിവാഹങ്ങൾ



## മിഷൻ ഗ്രീൻ ശബരിമല
















## ഹരിത സിവിൽ സ്റ്റേഷനുകൾ









## ഹരിത ക്രിക്കറ്റ്












## ഹരിത ഇവന്റുകൾ











# ഹരിത ഇവന്റുകൾ


GREEN VILLAGE - GREEN PROTOCOL CONTROL ROOM
ZERO COST ALTERNATIVE TO PLASTIC


ചക്ക മാങ്ങ തേങ്ങ



ഓഫീസ് OFFICE

PARKING









## പത്രവാർത്തകളിലൂടെ...








School to launch drive on green protocol

To minimise use of disposable items

STAFF REPORTER

The Green Club and NSS unit of Pookoya Thangal Smaraka Vocational Higher Secondary School at Thrikkaripur here have joined hands with the Suchitwa Mission, Haritha Keralam Mission, Kudumbasree and the local grama panchayat to launch a mass public awareness campaign on green protocol. The project aims at minimising the use of disposable glasses, paper plates, and styrofoam decorations during marriages and other social functions.

The school has decided to form a WhatsApp group of auditorium operators, functionaries of places of worship, social and political activists, Kudumbasree units, heads of various institutions, and those running decoration units, project co-ordinator Abu Sali has said.

The school has evolved strategies to promote use of steel plates and glasses. Local bodies will be urged to earmark funds for Kudumbasree units to procure such items. A special squad will visit venues of various functions in advance to seek adherence to green protocol so as to avoid serious ecological threats posed by the piling up of the non-degradable wastes, Mr. Sali said.

The school plans to provide certificates signed by senior government officials to auditoriums and other institutions that adhere to the green protocol.

Ubaidulla, Assistant Director, VHSE, Payyanur region, lauded the initiatives of the school at the project launch function at Thrikkaripur the other day.























ജില്ലാ സ്കൂൾ കലോത്സവത്തിന് ഗ്രീൻ പ്രോട്ടോകോൾ

കാഞ്ഞങ്ങാട്ടെ പ്ലാസ്റ്റിക് മാലിന്യങ്ങൾ സംസ്കരണ കേന്ദ്രത

കലക്ടറേറ്റ് ഇനി തനി പച്ച

ഇവ കർശനമായി പാലിക്കും

കാസർകോട് റവന്യൂ ജില്ലാ സ്കൂൾ കലോൽസവം

നവംബർ 25,27,28,29,30

ചെമ്മനാട് ജമാഅത്ത് എച്ച് എസ് എസ്

വിവാഹത്തിന് ഹരിത മാർഗരേഖ; ആശംസയുമായി കളക്ടർ

20-ാമത് സംസ്ഥാന സ്പെഷ്യൽ സ്കൂൾ കലോത്സവം

ഗ്രീൻ പ്രോട്ടോക്കോൾ

Keep our earth clean & green

ആഘോഷങ്ങളിൽ ഗ്രീൻ പ്രോട്ടോകോൾ പാലിക്കണം

ഓർക്കുക

പുണ്യം പൂങ്കാവനം

ശബരിമല മാലിന്യ മുക്ത പരിപാ

പമ്പയിൽ ശുചീകരണത്തിന് ജില്ലാ കലക്ടറും സം

ഹരിത നിയമാവലി പാലിച്ച് റിപ്പബ്ലിക് ദിനാഘോഷം

പരേഡിൽ 29 പ്ലാറ്റൂണുകൾ പങ്കെടുക്കും

വിശ്വാസികൾ ഹരിത യോദ്ധാക്കളാകണം

ജില്ലയിൽ നബിദിനാഘോഷം ഗ്രീൻ പ്രോട്ടോക്കോളിൽ

"ഹരിതാഭമായ മനസ്സുകൾക്കേ
ഹരിത കേരളം സൃഷ്ടിക്കുവാൻ കഴിയുകയുള്ളൂ"

മലയാറ്റൂർ ഹരിത തീർത്ഥാടനം



ബീമാപള്ളി ഉറൂസ് ഗ്രീൻ
പ്രോട്ടോക്കോൾ



കല്പാത്തി രഥോത്സവം
ഹരിത പ്രോട്ടോക്കോൾ





ഗ്രീൻ പ്രോട്ടോക്കോൾ –
മുഖ്യമന്ത്രിയുടെ ബെസ്റ്റ് ഇന്നൊവേഷൻ
പോളിസി അവാർഡ്



മരാമൺ കൺവെൻഷൻ
ഗ്രീൻ പ്രോട്ടോക്കോൾ



റംസാൻ – ഇഫ്താർ സംഗമം
ഗ്രീൻ പ്രോട്ടോക്കോൾ



കത്തോലിക്ക സഭ പുനരൈക്യ വാർഷിക സമ്മേളനം
ഗ്രീൻ പ്രോട്ടോക്കോൾ മംഗളപത്രവിതരണം



മാലിന്യമുക്ത കേരളം

Printed & Published by Suchitwa Mission, Local Self Government Department on behalf of Government of Kerala
Swaraj Bhavan, Base Floor (-1), Nanthancode, Kowdiar PO, Thiruvananthapuram - 695003
**PHONE** 0471 - 2319831, 2312730 **EMAIL** sanitation.sm@kerala.gov.in **WEBSITE** www.sanitation.kerala.gov.in

**DESIGN & LAYOUT: GODFREY'S GRAPHICS**